എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും

മനോജ്



BLUE INK BOOKS


अन्तर्देशीय पत्र कार्ड
INLAND LETTER CARD
NO ENCLOSURES ALLOWED
WRITE PIN CODE IN ADDRESS
SENDER'S NAME AND ADDRESS :—
678506

BLUE INK BOOKS

എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും

ലേഖനങ്ങൾ-കത്തുകൾ

മനോജ്

ബ്ലൂ ഇങ്ക് ബുക്സ്

എന്റെ എഴുത്തിന്റെ ദർശനവും
എം.സുകുമാരനും

(Ente Ezhuthinte Darsanavum
M.Sukumaranum)

(Essays and Letters)

By Manoj

*

Published in :2025 May
Published by:
Blue Ink Books

*

Blue Ink Books & Multi Media
Ist Floor, Epsilon Annex Buildings
Sadhoo Complex, Fort Road, Kannur -1

*

email:editorblueinkbooksknr@gmail.com
blueinkbooksknr@gmail.com
Web:www.blueinkbookskannur.com
Ph: 9446265661, 7012701361

*

Cover Design: Nived Kothery
Printing at: Blue Ink Multi Media

*

© All rights reserved
No part of this publication may be reproduced,
stored in or introduced into a retrieval system, or transmitted,
in any form, or by any means, electronic, mechanical,
photocopying, recording or otherwise without the prior
written permission of the publisher
BIB-KNR-SL No 40 D-S L-R-40 /25 C5H
ISBN: 978-81-985764-2-2
Price :120

എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും

(ലേഖനങ്ങൾ, കത്തുകൾ)

മനോജ്

ബ്ലൂഇങ്ക് ബുക്സ്

മനോജ്

1956 മെയ് 6 ന് കഞ്ചിക്കോട് ജനിച്ചു. ബാല്യകൗമാരങ്ങൾ കല്ലേപ്പു ള്ളിയിലും യൗവ്വനാരംഭകാലം ചിറ്റൂരിലും ആയിരുന്നു. അവസാ നത്തെ 38 വർഷം കൊല്ലങ്കോടായിരുന്നു താമസം. ആത്മാന്വേഷ ണത്തിന്റെയും സ്വത്വാന്വേഷണത്തിന്റെയും ഭാഗമായി വിദ്യാ ഭ്യാസവും ജോലിയും ഉപേക്ഷിച്ചു. മുഴുവൻ സമയ എഴുത്തുകാര നായിരുന്നു. മിന്നാമിനുങ്ങുകൾ മെഴുകുതിരികൾ എന്ന ആദ്യത്തെ നോവലിന് ദേശാഭിമാനി സ്റ്റഡി സർക്കിൾ അവാർഡ് ലഭിച്ചിട്ടുണ്ട്. ജീവിക്കുന്നവരുടെ ശ്മശാനം, കാട്ടാളൻ, കാലാവധി, വേദാരണ്യം, സത്യവാഗീശ്വരൻ, രാക്ഷസകുലം, ദേഹവിയോഗം, ജ്ഞാന യോഗം, ജീവകാരുണ്യം, സുഖവാസികളുടെ ലോകം, ശരിയുത്ത രങ്ങൾ, ചിതയൊരുക്കം, ശവസംസ്കാരം (നോവലുകൾ). സമാന്തരയാത്രകൾ (എം.സുകുമാരനുമായുള്ള സംവാദം), യാത്രയിൽ തനിയെ (ടി.പത്മനാഭനുമായുള്ള അഭിമുഖം), മത ബോധത്തിന്റെ ദൃശ്യശാസ്ത്രം (പഠനം), മഹാബലി, തണുപ്പ് (നാ ടകങ്ങൾ),ചിതലെടുക്കാത്ത ജീവിതം, ബ്രഹ്മവിചാരത്തിന്റെ ഗൂഢാ ർത്ഥങ്ങൾ (ലേഖനങ്ങൾ), യുദ്ധമുഖം എന്നിവയാണ് പുസ്തകരൂപ ത്തിൽ പ്രസിദ്ധീകൃതമായ കൃതികൾ. മാംസഭുക്കുകൾ, സഹജം, ഗന്ധർവകഥകൾ എന്നീ നോവലുകളും, ഇങ്ങനെയും ഒരാൾ (മുണ്ടൂർ രാവുണ്ണിയുമായുള്ള അഭിമുഖം), ആദ്ധ്യാത്മികതയുടെ ഭൗതികപരിസരം, യോഗവിയോഗം, ദാർശനിക-സാഹിത്യ ലേഖന ങ്ങൾ എന്നിവയും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുണ്ട്. കോയമ്പത്തൂർ കേരള കൾച്ചറൽ സെന്ററിന്റെ 2013 ലെ സാഹിത്യ അവാർഡ് ലഭിച്ചിട്ടുണ്ട്. വാക്കറിവ് എന്ന മാസികയുടെ പത്രാധിപ രായിരുന്നു. 2022 ആഗസ്റ്റ് 6 നു നിര്യാതനായി.

ഭാര്യ : ഡോ. പി.സുഖലത
വിലാസം : ഗയ, കൊല്ലങ്കോട്-678 506, പാലക്കാട്.
മൊബൈൽ : 9446638940

ഉള്ളടക്കം

- കാലസാക്ഷിയുടെ ഹൃദയസ്തവം 07
- പുഴയിൽനിന്ന് സമുദ്രത്തിലേക്ക് 18
- എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും 22
- കത്തുകൾ 34



322 പ്രശാന്ത് നഗർ
പി.ഒ. [illegible]
തിരുവനന്തപുരം - 23

[illegible] മനോജ്,

[illegible] 10/3/92 [illegible]
[illegible]
Habitual [illegible]
[illegible]
[illegible] Bed rest [illegible]
[illegible]

[illegible]



തിരു. 17.1.94

പ്രിയപ്പെട്ട മനോജ്,

യാത്രയിൽ ബുദ്ധിമുട്ടൊന്നും ഉണ്ടായില്ലല്ലോ. [illegible] Acknowledgement വന്നു. True Copy [illegible] ചേർത്തിട്ടുണ്ട്. [illegible] 1000/- Advance [illegible]

[illegible]

[illegible]

20.1.94 [illegible]

കാലസാക്ഷിയുടെ ഹൃദയസ്തവം

പൊള്ളയായ വായനയുടെ ആദ്യഘട്ടത്തിനുശേഷം അക്ഷരങ്ങളെ ഗൗരവമായി സമീപിച്ചുതുടങ്ങിയപ്പോൾ നാട്ടുകാരനായ എം.സുകുമാരനെക്കുറിച്ച് അതിശയോക്തിയോടെ പലതും ഞാൻ കേട്ടുതുടങ്ങി. പിന്നീട് ഞാൻ അദ്ദേഹത്തിന്റെ വീടും പരിസരവും അന്വേഷിച്ചു കണ്ടെത്തി. സാഹിത്യത്തിലെ ആദ്യാക്ഷരങ്ങളുമായി നടന്ന എന്നോട് എം.സുകുമാരന്റെ അമ്മ പറഞ്ഞു:

–അവൻ *മനോരമ*യിൽനിന്നാണ് എഴുത്തു തുടങ്ങിയത്. നീയും അതുതന്നെ ചെയ്യണം. എന്നാലേ വലിയ സാഹിത്യകാരനായി ത്തീരൂ.

പിന്നീട് കാലത്തികവിൽ എഴുത്തുകാരനായ സാഹചര്യത്തെക്കുറിച്ച് എം.സുകുമാരൻ പറഞ്ഞു:

–നമുക്കു ഗുരുക്കന്മാരില്ല. ആർത്തിപിടിച്ച വായനയും എണ്ണിയാൽ തീരാത്ത പുസ്തകങ്ങളും മാത്രം. സാഹിത്യത്തിലെ മികച്ച വാരികകളും ഗൗരവമായ പ്രസിദ്ധീകരണങ്ങളും ചിറ്റൂരിന് അന്യമാണ്. പൈതൃകം അവകാശപ്പെടാനില്ലാത്ത, വായനക്കാരായ സുഹൃത്തുക്കൾപോലും ഇല്ലാത്ത എഴുത്തുകാരൻ സ്വയം നവീകരിക്കാൻ എപ്പോഴും തയ്യാറാവണം. കണ്ടെത്തിയും തിരസ്കരിച്ചും മുന്നേറുമ്പോഴാണ് മികച്ച രചനകൾ ഉണ്ടാവുക.

–സ്ഥലവും കാലവും എഴുത്തുകാരനെയും എഴുത്തിനെയും അഗാധമായി സ്വാധീനിക്കുന്നു. ഞാൻ തിരുവനന്തപുരത്ത് എത്തിച്ചേർന്നിരുന്നില്ലെങ്കിൽ ഇന്നത്തെ എം.സുകുമാരൻ ഉണ്ടാകുമായിരുന്നില്ല. *അഴിമുഖ*വും *പാറ*യും ഞാൻതന്നെ തിരസ്കരിക്കുന്ന നോവലുകളാണ്. അവയുടെ പുനഃപ്രസിദ്ധീകരണത്തെക്കുറിച്ച് എനിക്ക് ചിന്തിക്കാൻപോലും കഴിയില്ല.

അവ ചരിത്രസത്യങ്ങളാണെന്ന എന്റെ നിലപാടിനെ അംഗീകരിച്ച എം.സുകുമാരൻ തുടർന്നു.

–കെ.ബാലകൃഷ്ണന്റെ *കൗമുദി* യിലും *മനോരാജ്യ* ത്തിലുമാണ് അവ പ്രസിദ്ധീകരിച്ചത്. പൂർണമായും പൈങ്കിളി അല്ലെങ്കിലും

ചിറ്റൂരും പരിസരവും നൽകിയ സാഹിത്യാവബോധമാണ് അവയിൽ ഉള്ളത്. ഏതു സാഹിത്യകാരനും തന്റെ സർഗാത്മകതയെ വെളിപ്പെടുത്തിയ രചനകളെയും പരിസരത്തെയുമാണ് ഇഷ്ടപ്പെടുക.

-തികച്ചും ഒറ്റപ്പെട്ട, ഉൾവലിഞ്ഞ ജീവിതമാണ് ഞാൻ തിരുവനന്തപുരത്തു നയിക്കുന്നത്. ഔദ്യോഗികകാലഘട്ടത്തിലെ ചില സുഹൃത്തുക്കൾ മാത്രം വേണ്ടപ്പെട്ടവരായുണ്ട്. പിന്നെ കുറച്ചു ബന്ധുക്കളും. ബന്ധുക്കൾ വിവാഹശേഷം വന്നുചേർന്നവരാണ്.

വിവാഹം കഴിഞ്ഞ എം.സുകുമാരൻ ഭാര്യയുമായി ആദ്യമായി നാട്ടിൽ വന്നിരിക്കുകയാണ്. ആഘോഷങ്ങളും ആർഭാടങ്ങളുമില്ലാത്ത അന്തരീക്ഷം. പരിചയപ്പെടലിൽനിന്ന് വിവാഹത്തിലേക്ക് എത്തിച്ചേർന്ന ബന്ധത്തെ വ്യക്തികളുടെ ഇണയെ തിരഞ്ഞെടുക്കാനുള്ള അവകാശമായി എം.സുകുമാരൻ കരുതി. ദാമ്പത്യത്തിന് മതത്തിന്റെയും ജാതിയുടെയും തടങ്കലുകൾ അനാവശ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. എന്നെ അമ്പരിപ്പിച്ചത് നാട്ടിൽ എത്തിയ എം.സുകുമാരന്റെയും ഭാര്യയുടെയും നടപടി കളാണ്. വീട്ടിൽ വെറുതെ ഇരുന്ന് സമയം കളയാൻ മടിച്ച, അനാ വശ്യ തീറ്റസൽക്കാരങ്ങളെ ഒഴിവാക്കാൻ ശ്രമിച്ച, മീനാക്ഷി വയറിളക്കാനുള്ള മരുന്നു കഴിച്ചിരിക്കുന്നു.

-കുറേക്കാലം ഞാൻ ചിറ്റൂർ ഷുഗേഴ്സിൽ ജോലിചെയ്തിട്ടുണ്ട്. വിളയോടിയിൽ സ്കൂൾ മാഷായും പണിയെടുത്തു. അക്കൗണ്ട്സ് ജനറൽ ഓഫീസിൽ ഗുമസ്തനായി എത്തിയ ഞാൻ ജീവിതത്തെ സംബന്ധിച്ച അബദ്ധധാരണകളെ മാറ്റി പണിതു. സംഘടനാ പ്രവർത്തനത്തിൽ സജീവമായതോടെ ജോലി നഷ്ടപ്പെട്ടു. ഇതൊന്നും നമ്മൾ ആഗ്രഹിച്ചിട്ട് സംഭവിക്കുന്നതല്ല. ജീവിതത്തിന്റെയും വ്യവസ്ഥിതിയുടെയും ഭാഗമായി വന്നുചേരുന്നതാണ്.

-എഴുത്തിനെ വരുമാനമാർഗമായി കാണാൻ എനിക്കു കഴിയില്ല. ദിവസേന എഴുതാൻ എനിക്കു കഴിയില്ല. മനസ്സിലേക്കു കടന്നുവരുന്ന അനേകം കഥകളിൽ ഒന്നുമാത്രമാണ് അക്ഷരങ്ങളായി തീരുക. അതുതന്നെ പലതവണ മാറ്റിയും തിരുത്തിയും എഴുതണം. പൂർത്തീ കരിക്കാനാവാതെ നശിപ്പിച്ച കഥകളും ഉണ്ട്. എഴുത്ത് എനിക്ക് പീഡാനുഭവമാണ്. മാനസികമായും ശാരീരികമായും എഴുതാതിരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എഴുതാൻ വിധിക്കപ്പെട്ടവന് രക്ഷപ്പെടാനുള്ള മറ്റു മാർഗങ്ങളുമില്ലല്ലോ.

എഴുപത്തിനാലിലെ ഇടതുപക്ഷ രാഷ്ട്രീയ പരിസരത്തു

വെച്ചാണ് എം.സുകുമാരൻ എന്നോട് ഇതുപറഞ്ഞത്. യുവത്വ ത്തിന്റെ ധിക്കാരങ്ങളെ പ്രകോപിപ്പിച്ച അദ്ദേഹത്തിന്റെ കഥകൾക്കു വേണ്ടി ആ കാലഘട്ടം അക്ഷമയോടെ കാത്തിരുന്നു. *മാതൃഭൂമി* യിലും *മലയാളനാടി*ലും എം.സുകുമാരൻ കഥയുടെ അഗ്നിവാഹ കനായി നിറഞ്ഞുനിന്നു.

–*ദേശാഭിമാനി*ക്കും കമ്മ്യൂണിസ്റ്റുകാർക്കും ബൂർഷ്വാ പത്രത്തിൽ എഴുതുന്ന എന്നോട് പരിഭവമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റുകാരനായ ഞാൻ കമ്മ്യൂണിസ്റ്റുകാരുടെ പ്രസിദ്ധീകരണത്തിൽ എഴുതുന്ന തുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ബൂർഷ്വാ പത്രത്തിൽ എഴുതിയാൽ കുറച്ചു പേരെങ്കിലും സത്യത്തിന്റെ പക്ഷം ചേരും. ഒരു കമ്മ്യൂണിസ്റ്റുകാരന്റെ സർഗാത്മകതയുടെ ലക്ഷ്യം അതാണ്.

ഇക്കാലത്ത് ഞങ്ങൾ ചിറ്റൂരിൽവെച്ചാണ് നാട്ടുസൗഹൃദങ്ങ ളോടെ കണ്ടുമുട്ടുന്നത്. എന്റെ നോവൽ, *മിന്നാമിനുങ്ങുകൾ, മെഴു കുതിരികൾ* ദേശാഭിമാനി സ്റ്റഡിസർക്കിൾ അവാർഡു നേടിയതോ ടെ ഞങ്ങളുടെ സൗഹൃദം കൂടുതൽ ശക്തമായി. ആഴ്ചതോറും മുറമുടങ്ങാതെ കത്തുകൾ അയച്ചിരുന്ന ഞങ്ങൾ ബി.രാജീവൻ തിരുവനന്തപുരത്ത് എത്തിച്ചേർന്നതോടെ ഇടയ്ക്കിടെ കണ്ടു തുടങ്ങി. മൂന്നോ നാലോ മാസം കൂടുമ്പോഴുള്ള തിരുവനന്തപുരം യാത്ര എന്റെ ജീവിതത്തിന്റെ ഭാഗമായി.

ബസ്സിൽ യാത്രചെയ്ത് തിരുവനന്തപുരത്ത് എത്തിയ എന്നോട് എം.സുകുമാരൻ പറഞ്ഞു:

–ബസ്സിൽ യാത്രചെയ്യാനാണ് ഇന്നും എനിക്കിഷ്ടം. രോഗം കാരണം തീവണ്ടിയെ ആശ്രയിക്കേണ്ടിവരുന്നു. തീവണ്ടിയാത്ര വൈവിധ്യമില്ലാത്ത ആവർത്തനമാണ്. ബസ്യാത്ര ജീവിതത്തിന്റെ വ്യത്യസ്തതകളെ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നു. ബസ്സ് യാത്ര ചെയ്താണ് ഞാൻ ജോലാർപേട്ടയിൽ ചെന്ന് വൈശാഖനെ കണ്ടത്. മുണ്ടൂർ കൃഷ്ണൻകുട്ടിയെയും ഞാൻ വീട്ടിൽ ചെന്നു കണ്ടിട്ടുണ്ട്. എഴുതിത്തുടങ്ങുന്ന കാലത്ത് ഞാൻ പലരെയും കണ്ടെ ത്തി പരിചയപ്പെട്ടിട്ടുണ്ട്.

–എഴുത്തുകാരന് യാത്ര അത്യാവശ്യമാണ്. മുന്നൊരുക്കങ്ങളും മുൻധാരണകളും ഇല്ലാത്ത യാത്രയാണ് അറിവും ജീവിത ബോധവും വികസിപ്പിക്കുക.

വാക്കുകളിൽ ശക്തിപ്രവാഹമായി ജ്വലിക്കുന്ന എം.സുകു മാരന്റെ രൂപപ്രകൃതം ആദ്യകാഴ്ചയിൽതന്നെ എന്നെ അമ്പരപ്പി ച്ചിരുന്നു. രോമങ്ങൾ നഷ്ടപ്പെട്ട് തുറസ്സായ ശരീരം. പുരികങ്ങളും

കൺപോളകളും തൊലിക്കാഴ്ചയാണ് നൽകുക. രോമങ്ങൾ ഇല്ലാത്ത തലയിൽ ചർമരോഗത്തിന്റെ അവശേഷിപ്പുകളായ പാടുകൾ. കൂടാതെ ജന്മശാപമായ ആസ്തമയും എം.സുകുമാരനെ വിടാതെ പിന്തുടരുന്നു.

-മണിക്കൂറുകളോളം ഒരേ ഇരുപ്പിൽ ഇരുന്നു വായിക്കാൻ എനിക്കു കഴിയില്ല. പുരികത്തിന്റെ ആവശ്യം അതില്ലാത്തവർക്കാണ് അറിയുക. പ്രകാശം കണ്ണിലേക്ക് നേരിട്ടു പതിക്കുമ്പോൾ വായന കഠിനാദ്ധ്വാനമായിത്തീരും. കൂടാതെ പൊടിപടലങ്ങളും തടസ്സമില്ലാതെ കണ്ണിൽ തന്നെ വീഴും.

വായനയും എഴുത്തും ജീവിതവ്രതമാക്കിയ എം.സുകുമാരൻ പാരവശ്യത്തെ കീഴടക്കി മുന്നേറുന്നു. ഗണനമനനങ്ങൾക്ക് അതീതമായ അദ്ദേഹത്തിന്റെ ജീവിതം എവിടേക്കാണ് എത്തിച്ചേർന്നത്?

നമ്പ്യാരുമായി പങ്കിട്ട ലൈൻമുറിയിലെ വീട്ടിൽവെച്ചാണ് ഞാൻ ആദ്യമായി എം.സുകുമാരനെ തിരുവനന്തപുരത്തുവെച്ചു കാണുന്നത്. ഏജീസ് ഓഫീസിലെ ജോലി നഷ്ടപ്പെട്ട് *സോഷ്യൽ സയന്റിസ്റ്റ്* മാസികയിൽ ചേർന്ന അദ്ദഹം അവിടെനിന്നും ഇറങ്ങിപ്പോക്കു നടത്തി.

-ജെ.എൻ.യു.വിൽനിന്നു കൊണ്ടുവന്നു മാസികയിൽ പ്രതിഷ്ഠിച്ച സോഷ്യൽ ബ്യൂറോക്രാറ്റിനെ സഹിക്കാൻ എനിക്കു കഴിഞ്ഞില്ല. അയാൾ സഹപ്രവർത്തകരോട് അടിമ-ഉടമ ബന്ധമാണ് വെച്ചു പുലർത്തിയത്. അയാളുടെ ദാസ്യവൃത്തിചെയ്യാൻ എനിക്കു കഴിഞ്ഞില്ല. ബൂർഷ്വാപത്രങ്ങളിൽ യൂണിയനുകൾ ഉണ്ടാക്കി പാർട്ടി അവകാശസമരം ചെയ്യുമ്പോൾ സ്വന്തം പത്ര-മാസികകളിൽ യാതൊരു അവകാശവും ഇല്ലാത്ത അടിമകളെ നിലനിർത്തുന്നു. അവർക്ക് സാമ്പത്തികപരാധീനതകൾമൂലം സന്തുഷ്ടമായ ജീവിതംപോലും ലഭിക്കുന്നില്ല.

പാർട്ടിയുമായി ഏറ്റുമുട്ടി ന്യായത്തിന്റെ സ്വകാര്യതയിലേക്ക് ഉൾവലിഞ്ഞ എം.സുകുമാരൻ ആശ്രിതരുടെ ആകാശം വ്യർഥസ്വപ്നമാണെന്ന് തിരിച്ചറിഞ്ഞു.

ഏജീസ് ഓഫീസിലെ കോപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരിയായ ഭാര്യ അനാവശ്യങ്ങളെ ഒഴിവാക്കി അത്യാവശ്യങ്ങളെ മാത്രം ജീവിതത്തിൽ നിർവ്വഹിച്ചു.

വീണ്ടും മറ്റൊരു വാടകവീട്ടിൽവെച്ച് എം.സുകുമാരനെ ഞാൻ കണ്ടുമുട്ടുന്നു. ഞങ്ങളുടെ കൂടിയാലോചനകൾ പകൽ മുഴുക്കെ നീണ്ട് രാത്രിയിലേക്കു കടന്നു.

– *ചരിത്രഗാഥ*യുടെ അവസ്ഥ ദയനീയ ചരിത്രമായിത്തീർന്നു. പ്രസ്ഥാനവുമായി വഴിപിരിഞ്ഞ എന്റെ പുസ്തകം വിൽക്കാൻ അവർ തയ്യാറല്ല. വില്പന കഴിഞ്ഞുള്ള കോപ്പികൾ അവർ നശിപ്പിച്ചു. അവരുടെ ധാരണ തെറ്റാണ്. വിക്ഷേപിക്കപ്പെട്ട വാക്കുകൾക്ക് നാശമില്ല. അത് സത്യത്തിന്റെ പ്രകാശവുമായി ചരിത്രത്തിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കും.

–ഞാൻ ഈഴവനോ നായരോ ആണെന്നറിയാൻ പാർട്ടി സഖാക്കൾ ഒരുപാട് പരിശ്രമിച്ചിരുന്നു. മന്നാടിയാർ ഏതുജാതിയാണെന്നറിയാതെ അവർ വിഷമിച്ചു. ഈഴവനോ നായരോ ആയിരുന്നെങ്കിൽ അവർ എന്റെ സംരക്ഷണം ഏറ്റെടുക്കുമായിരുന്നു.

എഴുപതുകളിലെ പ്രക്ഷുബ്ധമായ രാഷ്ട്രീയപരിസരത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ എം.സുകുമാരനു കഴിഞ്ഞു. അദ്ദേഹത്തിന്റെ ഓരോ കഥകളും രാഷ്ട്രീയദർശനത്തിന്റെ വിളംബരമായി. പരിഷ്ക്കരണത്തെ അല്ല പരിവർത്തനത്തെയാണ് എം.സുകുമാരൻ ആഗ്രഹിച്ചത്. ബൂർഷ്വാ ഭരണകൂടത്തിന്റെ പാർലമെന്ററി വ്യാമോഹത്തെ അദ്ദേഹം നിരസിക്കുകയും ചെയ്തു. ജനകീയ സാംസ്കാരികവേദിയെയും നക്സലൈറ്റുകളെയും ഏറെ പ്രതീക്ഷയോടെ എം.സുകുമാരൻ സ്വീകരിച്ചു. ജനകീയ സാംസ്കാരികവേദി പ്രവർത്തകർ എം.സുകുമാരന്റെ കഥകളെക്കുറിച്ച് ആവേശത്തോടെ സംസാരിച്ചെങ്കിലും സദസ്സുകളിൽ പ്രത്യക്ഷപ്പെടാത്ത അദ്ദേഹം അവർക്ക് അപരിചിതനായി തുടർന്നു.

ബി.രാജീവൻ എന്റെ കൂടെ വന്നാണ് എം.സുകുമാരനെ ആദ്യമായി നേരിൽ പരിചയപ്പെടുന്നത്. വായനയിൽക്കൂടെ പരസ്പരം അറിഞ്ഞ അവർ മൗനങ്ങൾ ഇല്ലാതെ നിരന്തരം സംസാരിച്ചു. പടിയിറങ്ങി നടക്കുമ്പോൾ ബി.രാജീവൻ പറഞ്ഞു:

–കേൾവിയല്ല കാഴ്ചയാണ് സത്യം. എം.സുകുമാരനുമായി പരിചയപ്പെട്ടപ്പോൾ എന്റെ പല അബദ്ധധാരണകളും ഇല്ലാതായി.

ജലജീവികളുടെ രോദനത്തെ ഉൾക്കൊണ്ട എം.സുകുമാരന്റെ ജീവിതത്തിലേക്ക് ജയറാം പടിക്കൽ ബീഭത്സതയോടെ കടന്നുവരുന്നുണ്ട്. നക്സലൈറ്റുകൾ പ്രചരിപ്പിച്ച ലഘുലേഖയുടെ പകർപ്പുകൾ കഥയിൽനിന്നു കണ്ടെടുത്ത ജയറാം പടിക്കൽ എം.സുകുമാരനെ വിളിച്ചുവരുത്തി ചോദ്യംചെയ്തു വിട്ടയച്ചു.

ഭരണകൂടത്തിന്റെ ചോദ്യംചെയ്യലിനെ ലാഘവത്തോടെ നേരിട്ട എം.സുകുമാരൻ തന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ നിരന്തരം ചോദ്യംചെയ്യലിനു വിധേയമാക്കി.

കഥകൾ പലതും പുസ്തകമായപ്പോൾ ചിലത് വിദ്യാർത്ഥികൾക്ക് പാഠപുസ്തകമായി. ഒന്നിച്ച് സംഖ്യ കിട്ടിയപ്പോൾ ഹൗസിങ്ങ്കോളനിയിൽ ഫ്ളാറ്റു വാങ്ങിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. തികയാത്ത പണത്തിനുവേണ്ടി *വഞ്ചികുന്നംപതി*യുടെ പകർപ്പവകാശം അദ്ദേഹം വിറ്റു.

സദസ്സുകളിൽനിന്നും പൊതുസമൂഹത്തിൽനിന്നും ഉൾവലിഞ്ഞ എം.സുകുമാരൻ ഫ്ളാറ്റിന്റെ ചതുരവടിവുകളിൽ ഒതുങ്ങിയെങ്കിലും അയൽക്കാരുടെ പ്രിയപ്പെട്ടവനായിരുന്നു. ഭാര്യയുടെ ഇരട്ട അദ്ധ്വാനത്തെ ഒഴിവാക്കാൻ അദ്ദേഹം പരമാവധി ശ്രമിച്ചു.

ഇക്കാലത്ത് എം.സുകുമാരൻ നമ്പ്യാരുടെ പ്രസ്സിലെ പ്രൂഫ് റീഡറായിരുന്നു. ഏജീസ് ഓഫീസിൽനിന്ന് പുറത്താക്കപ്പെട്ട അവരുടെ ആത്മബന്ധം നമ്പ്യാരുടെ മരണംവരെ നീണ്ടുനിന്നു. പ്രത്യ യശാസ്ത്രം സത്യത്തെയും സൗന്ദര്യത്തെയും ഇല്ലാതാക്കുന്ന തിനെക്കുറിച്ച് എം.സുകുമാരൻ എക്കാലത്തും ബോധവാനായി രുന്നു. തന്റെ പരിമിതികളെ തിരിച്ചറിയാനും അദ്ദേഹത്തിനു കഴിഞ്ഞു.

–എന്റെ കഥകൾക്ക് നോവലിനും ചെറുകഥയ്ക്കും ഇടയ്ക്കുള്ള രൂപമാണുള്ളത്. നീണ്ടുപോയ ചെറുകഥയെന്നു പറയാം. ദാർശനികമായ മാനങ്ങളൊന്നും അവയ്ക്കില്ല. പ്രത്യയശാസ്ത്രത്തിന്റെ, രാഷ്ട്രീയത്തിന്റെ സാമ്പത്തികപരിസരമാണ് അവയുടെ അന്തർധാര.

തന്റെ പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളും അവയുടെ പുതിയ പതിപ്പുകളും എം.സുകുമാരൻ പതിവായി എനിക്കു നൽകിവരുന്നു. കൂടാതെ മറ്റുപലരും നൽകുന്ന പുസ്തകങ്ങളും അദ്ദേഹം എനിക്കു സമ്മാനിച്ചു. ഓരോ തിരുവനന്തപുരം യാത്ര കഴിയുമ്പോഴും കനത്ത പുസ്തക ചുമടോടെയാണ് ഞാൻ വീട്ടിൽ തിരിച്ചെത്തുക.

ജനകീയ സാംസ്കാരികവേദിയുടെ തകർച്ചയും നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ അപചയവും എം.സുകുമാരന്റെ സർഗ്ഗാത്മകതയെ നിഷ്ക്രിയമാക്കി. ജീവിതത്തെയും സമൂഹത്തെയും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവുമായി ബന്ധപ്പെടുത്തി ചിന്തിച്ച അദ്ദേഹത്തിന് തുടർന്ന് ധൈഷണികമായും സർഗ്ഗാത്മകമായും മുന്നേറാൻ കഴിഞ്ഞില്ല. തികച്ചും വ്യത്യസ്തമായ ധൈഷണിക പരിസരത്തിൽവെച്ചാണ് ഞാൻ വീണ്ടും എം.സുകുമാരനെ കാണുന്നത്. എഴുപതുകളിലെ ആർജവം എൺപതുകളുടെ മധ്യത്തോടെ അവസാനിച്ചിരിക്കുന്നു. പുസ്തക വായന തീരെ ഇല്ല. ഗൗരവമായ പ്രസിദ്ധീകരണങ്ങളെ അദ്ദേഹം പൂർണ്ണമായും ഉപേക്ഷിച്ചു. ചിന്താ

ശൂന്യമായ ടി.വി.സ്ക്രീനിലെ കാലംകൊല്ലികളെകണ്ട് അദ്ദഹം നേരംകളഞ്ഞു. എങ്കിലും അദ്ദേഹം വീട്ടുകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തി. തന്നെക്കുറിച്ച് അച്ചടിക്കുന്ന വാചകങ്ങളെപോലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.

എഴുത്തുനിർത്തിയ എം.സുകുമാരന്റെ ജീവിതത്തെകണ്ട് ഞാൻ അമ്പരന്നു.

-ഭാര്യയും മകളും ഉള്ളതുകൊണ്ട് ആത്മഹത്യ ചെയ്യാതെ ജീവിക്കുന്നു. വേണ്ടപ്പെട്ടവർ ഇല്ലാത്തതുകൊണ്ട് സുബ്രഹ്മണ്യദാസ് ആത്മഹത്യചെയ്തു. വൈവാഹികബന്ധമാണ് നിങ്ങളുടെ ജീവിതത്തെയും വലിച്ചുനീട്ടുന്നത്. പ്രത്യാശകൾ ഇല്ലാത്ത ജീവിതവും പരിവർത്തനം ഇല്ലാത്ത സമൂഹവും തിന്മയുടെ പ്രതീകമാണ്.

-രാഷ്ട്രീയം എന്റെ കഥകളുടെ ശക്തിയും ദൗർബ്ബല്യവുമാണ്. രാഷ്ട്രീയമാണ് മനുഷ്യജീവിതത്തെ നിർണ്ണയിക്കുന്നത്. കക്ഷിരാഷ്ട്രീയത്തിന്റെ അധികാരമോഹത്തെയും താത്വികത ഇല്ലാത്ത അവരുടെ പ്രായോഗികതയെയും അംഗീകരിക്കാൻ എനിക്കു കഴിയില്ല. കമ്മ്യൂണിസം മനുഷ്യവംശത്തിന് പ്രായോഗികമായ സുന്ദരസ്വപ്നമാണ് നൽകിയത്. ആ സ്വപ്നം നഷ്ടപ്പെട്ടതോടെ സ്വപ്നങ്ങൾ ഇല്ലാത്ത ഭൂമിയിൽ ഞാൻ എത്തിച്ചേർന്നു. മറ്റൊരു സ്വപ്നത്തെ കണ്ടെത്താൻ എനിക്കു കഴിയുന്നില്ല.

-രാഷ്ട്രീയം ഇല്ലാത്ത മനുഷ്യനെക്കുറിച്ച് എനിക്ക് ചന്തിക്കാനാവില്ല. പ്രതീക്ഷകൾ ഇല്ലാത്ത രാഷ്ട്രീയത്തെ സർഗ്ഗാത്മകമാക്കുക ആത്മവഞ്ചനയാണ്.

എഴുത്തുനിർത്തി സ്വകാര്യതയിലേക്ക് ഉൾവലിഞ്ഞ എം.സുകുമാരൻ എനിക്ക് നിരന്തരം കത്തുകൾ എഴുതി.

-ഞാൻ കുറച്ച് എഴുതി. ഒരുപാട് അംഗീകാരം ലഭിച്ചു. ആവശ്യത്തിൽ കൂടുതൽ പ്രശസ്തനുമായി. എഴുതാവുന്നതെല്ലാം എഴുതിത്തീർത്തു. എഴുത്ത് ശാരീരികമായും മാനസികമായും എന്നെ പീഡിപ്പിക്കുന്ന അനുഭവമാണ്. എഴുതാതിരുന്നാൽ ശരീരസൗഖ്യമെങ്കിലും ഉണ്ടാകുമല്ലോ?

കമ്മ്യൂണിസത്തിന്റെ വരണ്ട ധൈഷണികതയിൽ അകപ്പെട്ട എം.സുകുമാരന് ദാർശനികമായ അന്വേഷണങ്ങളെ സ്വീകരിക്കാൻ കഴിഞ്ഞില്ല. ചെറുസംഘങ്ങളുടെ ബദൽ പോരാട്ടങ്ങളെ അദ്ദേഹത്തിന്റെ സമഗ്രദർശനം നിഷേധിച്ചു.

എം.സുകുമാരൻ എഴുത്തുനിർത്തിയ കാലഘട്ടത്തിൽ *ഇന്ന്* മാസിക ഒരു വാരികയിൽ കൊടുത്ത പരസ്യം എന്നെ പ്രത്യേകം

ആകർഷിച്ചു. മണിഓർഡർ അയച്ച് *ഇന്നി*ന്റെ വിശേഷാൽപതിപ്പ് ഞാൻ സംഘടിപ്പിച്ചു. എം.സുകുമാരന്റെ കവിത കണ്ടപ്പോൾ ഞാൻ അമിതമായി ആഹ്ലാദിച്ചു. ചിറ്റൂരിൽവെച്ചു കണ്ടപ്പോൾ എം. സുകുമാരൻ പറഞ്ഞു:-കഥ ആവശ്യപ്പെട്ട് മണമ്പൂർ രാജൻബാബു കത്തെഴുതിയിരുന്നു. മനസ്സിൽ കഥയും കവിതയും ഇല്ലെന്ന് ഞാൻ മറുപടി അയച്ചു. കാർഡിൽ അയച്ച മറുപടിയെ അവർ കവിത എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

എഴുത്തിൽനിന്നും വായനയിൽനിന്നും പിന്മാറിയ എം.സുകുമാരൻ തന്റെ പുസ്തകങ്ങളോടുപോലും മുഖംതിരിച്ചു. പ്രസാധകർ പുതിയ പതിപ്പുകൾ ഇറക്കാൻ തയ്യാറായെങ്കിലും അദ്ദേഹം അനന്തരനടപടികൾ സ്വീകരിച്ചില്ല. പലപ്പോഴും എന്റെ നിർബ്ബന്ധമാണ് പ്രസാധകരെ തുണച്ചത്. തൊണ്ണൂറുകളിൽ തൃശ്ശൂരിൽനിന്നാരംഭിച്ച *പുസ്തക*പ്രസാധകർ ആദ്യപുസ്തകമായി *ചരിത്രഗാഥ* പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചപ്പോൾ ഞാൻ ഇടനിലക്കാരനായി പ്രസാധകനായ വസന്തനെ സഹായിച്ചു. ലിറ്റിൽ പ്രിൻസിനുവേണ്ടിയും എനിക്ക് അദ്ദേഹത്തെ നിർബ്ബന്ധിക്കേണ്ടിവന്നു. ഡി.സി. ബുക്സിനോടും ആ കാലഘട്ടത്തിൽ മറ്റൊരു നിലപാടല്ല എം.സുകുമാരൻ സ്വീകരിച്ചത്.

- ദുരന്തങ്ങളെ മറക്കാൻ ശ്രമിക്കുന്നതുപോലെയാണ് ഞാൻ എന്റെ രചനകളെ തള്ളിക്കളയാൻ ശ്രമിക്കുന്നത്. അത് ഒരു കാലഘട്ടത്തിന്റെ ചരിത്രമാണെന്ന് എനിക്കറിയാം. സംഭവിച്ച സത്യത്തെ നിഷേധിക്കുന്നുമില്ല. ചരിത്രരേഖകൾ അനാവശ്യമായി വായനക്കാരെ അലോസരപ്പെടുത്തരുതല്ലോ?

പാലക്കാട്ടുനിന്ന് യാത്രത്തളർച്ചയോടെ തിരുവനന്തപുരത്ത് എത്തുന്ന ഞാൻ സാംസ്കാരിക മാറ്റങ്ങളുടെ മാറാപ്പുകൾ എം.സുകുമാരന്റെ മുമ്പിൽ തുറന്നുവെച്ചു. അവയെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന അദ്ദേഹം കാലത്തിന്റെ പരിവർത്തനങ്ങളെ സ്വീകരിച്ചുതുടങ്ങി.

വീണ്ടും ഞാൻ കണ്ടുമുട്ടുമ്പോൾ എം.സുകുമാരൻ വായനയിലേക്ക് തിരിച്ചെത്തിയിരുന്നു. പുതിയ ചെറുകഥകളെ പിന്തുടർന്ന അദ്ദേഹം എൻ.എസ്.മാധവന്റെ തിരിച്ചുവരവിനെ ആഹ്ലാദത്തോടെയാണ് സ്വീകരിച്ചത്.

പിതൃതർപ്പണം കലാകൗമുദി യിൽ പ്രസിദ്ധീകരിച്ചതിനുശേഷം എം.സുകുമാരൻ പറഞ്ഞു:

-സാഹിത്യം ഒഴിയാബാധയായി തീർന്നിരിക്കുന്നു. കടലാസ്സി

ലേക്കു പകർത്താത്ത അനേകം കഥകളുമായി ഇതുവരെ ഞാൻ ജീവിച്ചു. കഥയുടെ ആത്മസംഘർഷം താങ്ങാനാവാതെ എന്റെ മനസ്സും ശരീരവും തളർന്നു. *പിതൃതർപ്പണം* രചിച്ചുകഴിഞ്ഞ എനിക്ക് എന്നെക്കുറിച്ച് കൂടുതൽ തിരിച്ചറിവുണ്ടായി. ചക്കുകാളയെ പോലെ ഞാനും വലം ചുറ്റുകയാണ്. എന്റെ പരിധി രാഷ്ട്രീയമാണെന്നുമാത്രം. കണ്ണടകൾ പരിപൂർണസത്യത്തെ പ്രകാശിപ്പി ക്കുന്നില്ല. രാഷ്ട്രീയത്തിന് അപ്പുറത്തും മനുഷ്യജീവിതമുണ്ടല്ലോ.

-സിവിക് ചന്ദ്രന്റെ കത്തുണ്ടായിരുന്നു. ഇനിയത്തെ കാലം ദളിതന്റെയും ഫെമിനിസത്തിന്റെയും പരിസ്ഥിതിയുടേതുമാണെന്ന് എഴുതിയിട്ടുണ്ട്. അയാൾ വീണ്ടും സാഹിത്യം പഠിപ്പിച്ചുതുടങ്ങുന്നു. ഭാഗികമായ ദർശനങ്ങളെയും പ്രവർത്തനങ്ങളെയും അംഗീകരിക്കാൻ എനിക്കുകഴിയില്ല. സമഗ്രദർശനമാണ് പരിവർത്തനങ്ങൾക്കു കാരണമാകുക.

*ജനിതക*ത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം എം.സുകുമാരൻ പറഞ്ഞു:-മതി, എന്റെ എഴുത്ത് ഇനി അനാവശ്യമാണ്. രാഷ്ട്രീയ പരിമിതികളെ ലംഘിക്കാൻ എനിക്കു കഴിയുന്നില്ല. പ്രത്യാശ കളില്ലാതെ എഴുതാനും എനിക്കു കഴിയില്ല.

പി.എ.ബക്കർ സംവിധാനം ചെയ്ത *സംഘഗാനം* ടി.വി.യിൽ വീണ്ടും കണ്ടപ്പോൾ എം.സുകുമാരൻ പറഞ്ഞു:

-സർഗാത്മകത ഇല്ലാത്ത യാന്ത്രികരചനയെ അന്നത്തെ പ്രേക്ഷകർ എങ്ങനെ ഉൾക്കൊണ്ടു? ജീവിതമില്ലാത്ത സർഗാത്മകത അപക്വവും ക്ഷണികവുമാണ്.

*ശേഷക്രിയ*യുടെ സിനിമാ ആവിഷ്ക്കാരത്തെക്കുറിച്ച് ധർമ സങ്കടത്തോടെ വിവരിച്ച എം.സുകുമാരന്റെ വാക്കുകൾ ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നു.

-കുറച്ചു ചെറുപ്പക്കാർ ചേർന്നാണ് *ശേഷക്രിയ* സിനിമയാക്കാൻ തീരുമാനിച്ചത്. മിലിട്ടറി ക്യാമ്പിന്റെ പശ്ചാത്തലത്തിൽ ലൊക്കേഷനും നിശ്ചയിച്ചു. പഴയൊരു വീട് അവർ വാടകക്കെടുത്തു. ഇടയ്ക്കുവെച്ച് സിനിമ പിടിക്കൽ നിന്നു. വീണ്ടും ക്യാമറയുമായി ചെന്നപ്പോൾ വീട് വെള്ളയടിച്ച് അറ്റകുറ്റപ്പണികൾ നടത്തിയിരുന്നു. ഒറിജിനലിൽനിന്ന് വിതരണത്തിനുവേണ്ട പ്രിന്റുകൾ എടുക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല.

-പിന്നീട് വേദനിപ്പിക്കുന്ന മറ്റൊരു അനുഭവം ഉണ്ടായി. സിനിമാ നിർമ്മാതാക്കളിൽ ഒരാൾ അടിവസ്ത്രം മാത്രം ധരിച്ച് എന്നെ കാണാൻ എത്തി. പുറകെ അയാളുടെ ബന്ധുക്കളും.

എം.പി.സുകുമാരൻനായർ *തിത്തുണ്ണി*യെ *കഴക*മാക്കാൻ തയ്യാറായപ്പോൾ തന്റെ സാമ്പത്തികക്ലേശങ്ങളെ അവഗണിച്ച എം.സുകുമാരൻ സംവിധായകന് സൗജന്യമായി അനുമതിനൽകി. *പിതൃതർപ്പണ*വും അദ്ദേഹത്തിന്റെ ഔദാര്യം അനുഗ്രഹിച്ച സിനിമയാണ്. എഴുത്തുനിർത്തി സ്വകാര്യജീവിതത്തിലേക്കു മടങ്ങിയ എം.സുകുമാരന്റെ മുൻപിൽ മകൾ രജനിയുടെ വിവാഹം സങ്കീർണപ്രശ്നമായി തീർന്നു.

–അവൾ തനിക്കുവേണ്ട ആളെ തിരഞ്ഞെടുത്താൽ ഞാനാണ് അത്യധികം സന്തോഷിക്കുക. സമ്പ്രദായങ്ങളെ അനുസരിച്ചു ജീവിക്കുന്ന മകളോട് പ്രേമിച്ചു വിവാഹം കഴിക്കാൻ പറയാൻ ഒരച്ഛനും കഴിയില്ല. അനന്തരവനുമായി രജനിയുടെ വിവാഹം ഉറപ്പിച്ചപ്പോൾ എം.സുകുമാരൻ പറഞ്ഞു:

–ഇതുവരെ മുഖ്യധാരയെ അംഗീകരിക്കാതെ ഞാൻ ജീവിച്ചു. എന്നെ നുകത്തിൽ കെട്ടാനുള്ള ശ്രമമാണുണ്ടാവുക. പെൺകുട്ടിയുടെ അച്ഛനായാൽ ഇഷ്ടമില്ലാത്ത പലതും അംഗീകരിക്കേണ്ടിവരും.

മണ്ണൂരിലെ ദേശകാവിൽവെച്ചു നടന്ന രജനിയുടെ വിവാഹം ഞാൻ പങ്കെടുത്ത ഏറ്റവും ലളിതമായ ഒന്നായിരുന്നു. എം.സുകുമാരന്റെ വിരലിൽ എണ്ണാവുന്ന സുഹൃത്തുക്കളായി ഏജീസ് ഓഫീസിലെ ചിലർ മാത്രം. ഭാര്യയുടെ കുറച്ചു സഹപ്രവർത്തകർ. അത്യാവശ്യബന്ധുക്കൾ. വേറിട്ടുനിന്ന അതിഥികൾ എം.പി.സുകുമാരൻനായരും അനന്തപത്മനാഭനും ഞാനും മാത്രം.

വീണ്ടും ഞാൻ തിരുവനന്തപുരത്ത് എത്തുമ്പോൾ എം.സുകുമാരൻ മുത്തശ്ശനായി തീർന്നിരുന്നു. പേരക്കുട്ടിയുടെ ചെറുചലനങ്ങളെപോലും അദ്ദേഹം ഭീതിയോടെ പങ്കിട്ടു. എന്റെ ഭാവമാറ്റങ്ങളെ ശ്രദ്ധിച്ച എം.സുകുമാരൻ പറഞ്ഞു:

–അച്ഛന്റെയും അമ്മയുടെയും വിവാഹത്തിനുശേഷം വളരെ കൊല്ലങ്ങൾ കഴിഞ്ഞാണു ഞാൻ ജനിച്ചത്. അമ്മയും അച്ഛനും ലാളിച്ചു വഷളാക്കിയ മകനാണ് ഞാൻ. സ്നേഹത്തിന്റെ അസ്വാതന്ത്ര്യത്തിലാണ് ഞാൻ വളർന്നത്. സ്കൂളിൽനിന്നു വരുന്ന എന്നെ കാത്ത് അമ്മ പടിക്കൽതന്നെ നിൽക്കും. അമിതലാളനയുടെ അപകടവും എന്റെ ജീവിതത്തിൽ ഉണ്ടായി. എന്തും നേരിടാനുള്ള സന്നദ്ധത എനിക്കില്ല. ധീരതയും കുറവ്. ബഹളക്കാരനായ മുൻനിരക്കാരനായി പ്രവർത്തിക്കാൻ എനിക്കു കഴിയില്ല.

–എന്റെ അനുജന്റെ അവസ്ഥ വ്യത്യസ്തമാണ്. അവനെ

അമ്മയും അച്ഛനും വേണ്ടത്ര പരിഗണിച്ചിട്ടില്ല. അതുകൊണ്ട് അവൻ എവിടെയും മുൻനിരക്കാരനായി സദസ്സുപിടിച്ചടക്കും.

വീണ്ടും ചിറ്റൂരിൽവെച്ചു കണ്ടപ്പോൾ എം.സുകുമാരൻ പറഞ്ഞു:

-ഭാര്യ സർവീസിൽനിന്നും പിരിയാറായി. ഇനിയുള്ള തിരുവനന്തപുരത്തെ ജീവിതം കൂടുതൽ സാമ്പത്തിക ക്ലേശം ഉണ്ടാക്കുന്നതാണ്. പക്ഷേ, അവിടം ഉപേക്ഷിക്കാൻ എനിക്കു കഴിയില്ല. എന്നെ ഞാനാക്കിയ നാട്. എന്റെ സ്വകാര്യതയിലേക്കുപോലും നഗരത്തിന്റെ പ്രകമ്പനങ്ങൾ കടന്നുവരുന്നുണ്ട്.

-ദൈവവിശ്വാസം ഇല്ലാതെയാണ് ഇത്രയും കാലം ഞാൻ ജീവിച്ചത്. ജീവിക്കാൻ ദൈവത്തിന്റെ ആവശ്യമില്ലെന്ന് ജീവിതം എന്നെ പഠിപ്പിച്ചു. ഇപ്പോൾ ഞാൻ ദൈവം ഇല്ലാത്ത ആത്മീയതയെയാണ് അന്വേഷി ക്കുന്നത്.

ദൈവസാന്നിധ്യമില്ലാത്ത ആത്മീയതയുടെ വികാസം സർഗാത്മകതയുടെ മറ്റൊരു വിസ്ഫോടനം ആയെങ്കിൽ!

ചെറിയ യാത്രകൾക്കുപോലും പല ദിവസം റെയിൽവേ ഗൈഡ് പരിശോധിക്കുന്ന എം.സുകുമാരൻ ആത്മീയമായ നീണ്ടയാത്രക്കൊരുങ്ങുന്നു. അവിടേക്കും രാഷ്ട്രീയത്തിന്റെ കാലുഷ്യം കടന്നുവരാതിരിക്കട്ടെ!


തിരു: 12.7.95
26
പ്രിയപ്പെട്ട മനോജ്,
എന്റെ കത്ത് കിട്ടിക്കാണുമല്ലോ.
വാരാന്ത പതിപ്പുകൾ വീണ്ടും വന്നുകൊണ്ടിരിക്കുന്നു. ഏതെങ്കിലും വിധത്തിൽ താങ്കളെ സഹായിക്കാൻ കഴിയുമെങ്കിലല്ലോ എന്ന ചിന്ത പലപ്പോഴും എന്റെ ഉറക്കം കെടുത്താറുണ്ട്.

പുഴയിൽനിന്ന് സമുദ്രത്തിലേക്ക്

ഭാഷയുടെ പ്രതീകവൽക്കരണം വസ്തു ആകാത്തതുപോലെ രചനയുടെ പശ്ചാത്തലമാകുന്ന ദേശവും യാഥാർത്ഥ്യത്തിന്റെ സമ്പൂർണ്ണതയെ ഉൾക്കൊള്ളുന്നില്ല. സ്രഷ്ടാവിന്റെ അകക്കണ്ണ് അപൂർവ്വതകളെ കണ്ടെടുക്കുന്നതോടൊപ്പം തനിക്ക് പരിചിതമായ മറ്റനേകം സ്ഥലങ്ങളെയും ദൃശ്യങ്ങളെയും സാഹിത്യത്തിലേക്ക് ആവാഹിക്കുന്നുണ്ട്. അയാൾ യാഥാർത്ഥ്യത്തെ ദേശസ്ഥലിയിൽ യഥാർത്ഥമായി ആവിഷ്ക്കരിക്കുകയല്ല; വാക്കുകളുടെ വിന്യാസം കൊണ്ട് യാഥാർത്ഥ്യബോധം ജനിപ്പിക്കുക മാത്രമാണ്. കഥ സ്ഥലത്തിന്റെയും കാലത്തിന്റെയും ക്രോഡീകരണമാകുന്നതുപോലെ എഴുത്തുകാരനും തന്റെ പരിചയസീമകളെ വാക്കുകളുടെ പരിധിയിലേക്ക് ചുരുക്കുകയാണ്.

ശൈശവ കൗമാരങ്ങളുടെ അനുഭവമണ്ഡലം വ്യക്തിത്വത്തെ രൂപീകരിക്കുന്നു. അതുപോലെ സ്ഥലകാലങ്ങൾ സാഹിത്യത്തിലേക്ക് പ്രവേശിക്കുന്നതും മനസ്സിന്റെ അഗാധതയിൽനിന്ന് പരിപക്വമായി പ്രത്യക്ഷപ്പെടുന്നതും ദൃശ്യബോധത്തിന്റെ ഈ കാലഘട്ടത്തിൽ തന്നെയാണ്. എഴുത്തിന്റെ പ്രാഥമികഘട്ടത്തിൽ സ്വകാര്യവും വൈയക്തികവുമായ അനുഭവങ്ങൾ വിഷയമാക്കുന്നതുപോലെ പശ്ചാത്തലമായി ജന്മനാടും ദേശത്തനിമയും പ്രകൃതിയും ആചാരാനുഷ്ഠാനങ്ങളും ജാതീയവും മതപരവുമായ പ്രത്യേകതകളുമെല്ലാം കടന്നുവരാം. പരിമിതപ്രതിഭകൾ ഗാർഹിക പരിസരത്തിന്റേയും നാട്ടതിരിന്റേയും ഇടുങ്ങിയ കാഴ്ചകളിൽ ജന്മം മുഴുക്കെ ഒതുങ്ങികൂടുന്നു. പ്രതിഭാശാലി സ്വകാര്യതയിൽനിന്ന് വൈയക്തികതയിലേക്കും തുടർന്ന് സാമൂഹ്യാവസ്ഥയിലേക്കും കടന്നു ചെല്ലുന്നു. വിഷയത്തിന്റെയും സങ്കേതത്തിന്റെയും വൈവിധ്യങ്ങൾ പ്രതിഭയെ കീഴടക്കുമ്പോൾ ദേശവും ഗ്രാമാനുഭവങ്ങളും അതിരുകളെ ലംഘിച്ച് വിശാലതയിലേക്ക് പടരുന്നു.

അങ്ങനെ ദേശലംഘനം നടത്തി അതിരുകളില്ലാത്ത വിശാലതയിലേക്കു പടർന്ന എഴുത്തുകാരനാണ് എം.സുകുമാരൻ. എം.സുകുമാരന്റെ ആദ്യകാല കഥകളിൽ ദേശം സജീവമായ പാലക്കാടൻ സാന്നിദ്ധ്യമാണെങ്കിലും, അവ വർഗത്തിന്റെയും ജാതിയുടെയും ചിഹ്നങ്ങളെ വഹിക്കുന്നുണ്ടെങ്കിലും, സ്ഥലനാമങ്ങൾ നിഗൂഢമായി നിലകൊള്ളുകയാണ്. പാലക്കാടൻ ഗ്രാമാന്തരീക്ഷത്തെയും സാമൂഹ്യഘടനയെയും തിരിച്ചറിയാൻ കഴിയുന്ന വായനക്കാരുടെ മനസ്സിലേക്ക് പശ്ചാത്തലം നിഗൂഢതയെ തകർത്ത് മൂർത്തമായ സ്ഥലരാശിയായി വളരുന്നു. ബ്രാഹ്മണ അഗ്രഹാരമായ കല്പാത്തിയെക്കുറിച്ചെഴുതിയപ്പോഴാണ് (*രഥോത്സവം*) എം.സുകുമാരന്റെ കഥയിൽ സ്ഥലം സജീവസാന്നിദ്ധ്യമാകുന്നത്.

സ്ഥലരാശിയിൽനിന്ന് സാമൂഹ്യഘടനയിലേക്ക് എത്തുമ്പോൾ പാലക്കാടൻ സ്വത്വത്തിന്റെ പ്രത്യേകതയായി തറക്കൂട്ടങ്ങളുടെ ജനസാന്ദ്രതയേറിയ സമൂഹത്തെ കാണാം. ജാതീയമായ ഉൽപ്പന്നങ്ങളും ആചാരങ്ങളും ഗോത്രദൈവങ്ങളുമാണ് തറക്കൂട്ടങ്ങളുടെ സവിശേഷത. *വേപ്പിൻപഴങ്ങൾ* എന്ന ചെറുകഥയുടെ പശ്ചാത്തലം സുകുമാരന്റെ ചിറ്റൂരും മുതലിയാൻമാർ താമസിക്കുന്ന പാവടിയുമാണെങ്കിലും സ്ഥലത്തിന്റെ മൂർത്തമായ സാന്നിദ്ധ്യം നിഷേധിക്കപ്പെടുന്നു. എന്നാൽ *വേപ്പിൻപഴങ്ങളിലെ* സ്ഥലം യഥാർത്ഥമായ വായനാനുഭവമായി തുടരുന്നുണ്ട്.

പാലക്കാടൻ പ്രകൃതിയുടെ വരൾച്ചയും ഹരിതാഭയുമെല്ലാം എം.സുകുമാരന്റെ കഥകളിലെ സജീവസാന്നിദ്ധ്യമാണ്. കരിമ്പനകളും വേപ്പും മഞ്ഞരളിയും കാരമുൾക്കൂട്ടങ്ങളും ചരൽകല്ലുകളും വേലിപ്പടർപ്പുകളും ഇടവഴികളും വിശാലമായ നെൽവയലുകളും പല കഥകളിലെയും സജീവസാന്നിധ്യമാണ്. അതുപോലെ മഞ്ഞപ്പാവിട്ട മുതൽ കൊടുക്കാപ്പുളി വരെയുള്ള മരങ്ങളുമുണ്ട്. ഇവയിലൂടെ പാലക്കാടൻ പ്രകൃതിയുടെ തീഷ്ണസൗന്ദര്യത്തെ മുഴുവൻ ബിംബവൽക്കരിക്കുകയാണ് എം.സുകുമാരൻ ഭാഷയിലൂടെ ചെയ്യുന്നത്. ഇതെല്ലാം എം.സുകുമാരന്റെ ആദ്യകാലകഥകളിലെ വൈയക്തികമായ ദേശമാണ്. പിൽക്കാലത്ത് നഗരത്തിൽ സ്ഥിരവാസം ആരംഭിച്ചതിനുശേഷം വീക്ഷണത്തിൽ എന്നതുപോലെ സ്ഥലഘടനയിലും ശ്രദ്ധേയമായ പരിവർത്തനങ്ങളുണ്ടാകുന്നു. ഭാഷയും വിഷയവും രാഷ്ട്രീയവൽക്കരിക്കപ്പെട്ടതോടെ സ്ഥലം ഗ്രാമീണാന്തരീക്ഷത്തെ ഉപേക്ഷിച്ച് കേരളത്തിന്റെ ആകെ പരിച്ഛേദമായി തീരുന്നു. ജീവിതത്തെ സംബന്ധിച്ച നിഗമനങ്ങൾ ആകട്ടെ

പ്രതീക്ഷാഭരിതമായ പ്രതിബദ്ധതയായി വികസിക്കുന്നു. ഇത്തരം വികാസപരിണാമങ്ങളുടെ സാഹിത്യതലത്തെ സുകുമാരന്റെ കഥാശീർഷകങ്ങളിൽ നിന്നുതന്നെ തിരിച്ചറിയാനാകും. *വേപ്പിൻപഴങ്ങൾ* ഗ്രാമീണതയുടെ പരിധിയിൽ ഒതുങ്ങുമ്പോൾ *ജനിതക* ത്തിന്റെ സങ്കേതസൂചകങ്ങൾ ലോകത്തിന്റെ വിശാലതയിലേക്ക് വ്യാപിക്കുന്നു.

ഐറണിയുടെ തലത്തിലേക്ക് വികസിച്ച കഥന സമ്പ്രദായത്തോടൊപ്പം പാലക്കാടൻ പശ്ചാത്തലവും ദേശപരിമിതികളെ ലംഘിച്ച് വർഗ്ഗസങ്കീർണ്ണതകളുടെ ഭാഗമാകുകയാണ്. *വഞ്ചിക്കുന്നം പതിയും, ശുദ്ധവായുവും* വിഭ്രാത്മകസ്ഥലരാശിയായി കഥകളെ തീവ്രാനുഭവമാക്കുന്നു.

ആദ്യകാല നോവലുകളായ *അഴിമുഖ*വും *പാറ*യും ജന്മ ദേശത്തെ വഹിക്കുന്നുണ്ടെങ്കിലും അവയും വ്യക്തമായ സ്ഥലസൂചകങ്ങളെ നൽകുന്നില്ല. ഗാഢമായ അർത്ഥാന്വേഷണങ്ങൾ സ്ഥലത്തിലേക്ക് എത്തുമ്പോൾ അവ എം.സുകുമാരന്റെ ജന്മനാടായ ചിറ്റൂരിനെയും അധിവാസസ്ഥലമായ തിരുവനന്തപുരത്തെയും ഉൾക്കൊള്ളുന്നു. ഇതിൽനിന്നു വ്യത്യസ്തമായ രചനയാണ് *ജനിതകം* എന്ന നോവൽ. തിരുവനന്തപുരവും കോങ്ങാടും വ്യക്തമായ സ്ഥലനാമങ്ങളോടെ ഈ നോവലിൽ കടന്നുവരുന്നു.

എം.സുകുമാരൻ സ്ഥലത്തിന്റെ കാഥികനാവാതെ കാലത്തിന്റെ സങ്കീർണ്ണതയെ കണ്ടെടുക്കാനാണ് ശ്രമിച്ചത്. പ്രക്ഷുബ്ധമായ ആ കഥകൾ മനുഷ്യജന്മത്തെയും അവനെ നിസ്വനാക്കിയ ചിലരെയും അധികാരത്തിന്റെ അധീശത്വത്തേയുമാണ് കേന്ദ്രീകരിച്ചത്. സ്ഥലരാശി സൃഷ്ടിക്കുന്ന സഹജമായ അവബോധത്തിൽനിന്ന് ലോകത്തിന്റെ വിശാലതയിലേക്ക് മലയാള കഥയെ വികസിപ്പിക്കുവാൻ എം.സുകുമാരനു കഴിഞ്ഞത് ഗ്രാമ്യമനസ്സിന്റെ നിഷേധത്തിലൂടെയാണ്. ദേശം തടങ്കൽപാളയമാകാത്തതുപോലെ കാലം സജീവ സാന്നിദ്ധ്യമാകുമ്പോഴും ഘടികാരകാലം സുകുമാരന്റെ കഥകളിൽ അന്യമാണ്.

ദേശത്തിന്റെയും കാലത്തിന്റെയും സവിശേഷതകളെ പങ്കിടുമ്പോൾ തന്നെ അവക്കെല്ലാം അതീതമായ അവസ്ഥയിൽ എത്തിച്ചേരുകയാണ് കാലദേശഭേദിയായ മഹത്തായ കല. എം.സുകുമാരന്റെ കഥകളിലെ പുഴ കേരളീയമായ അനുഭവമാണ്. അതൊരിക്കലും ചിറ്റൂർപുഴയല്ല. കൊല്ലത്തറയിലെയും ആശാരിത്തറയിലെയും മനുഷ്യർ പ്രാദേശികമായ ജീവിതത്തെയല്ല കീഴാളവർഗ്ഗത്തിന്റെ

ദുരിതങ്ങളെയാണ് പറയുന്നത്. ഭൂമിയിൽ ജീവിച്ച് ആകാശത്തെക്കുറിച്ച് ചിന്തിക്കുന്നതുപോലെ ദേശത്തിൽ ജീവിച്ച് രാഷ്ട്രത്തെ ആവാഹിക്കുകയാണ് എം.സുകുമാരൻ ചെയ്യുന്നത്. *കുഞ്ഞപ്പൂവിന്റെ ദുഃസ്വപ്നങ്ങൾ* ഒരു പാലക്കാടൻ അനുഭവമല്ല. അപഭ്രംശം സംഭവിച്ച ജനാധിപത്യത്തിന്റെ ദുരന്തമാണ്.

മഹത്തായ രചന കാലത്തിന്റെയും ദേശത്തിന്റെയും പരിമിതികളെ ലംഘിച്ച് മനുഷ്യവംശത്തിന്റെയും ജീവിതത്തിന്റെയും സമഗ്രതയെയാണ് വെളിപ്പെടുത്തുക. എം.സുകുമാരന്റെ രചനാദൗത്യവും അതുതന്നെയാണ്.



എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും

വേദാരണ്യം എന്ന എന്റെ നോവലിന് എഴുതിയ അവതാരികയിൽ ക്ലാസ്സുകയറ്റത്തെപ്പോലെ സംഭവിക്കുന്ന മലയാളസാഹിത്യത്തിലെ ഉയർച്ചകളുടെ ചവിട്ടുപടികളെക്കുറിച്ച് എം.സുകുമാരൻ ചർച്ചചെയ്യുന്നുണ്ട്. അതിനു കാരണം മലയാളത്തിലെ മിക്ക നോവലിസ്റ്റുകളും ചെറുകഥാകൃത്തുക്കളായിരുന്നു എന്നതാണ്. ആനുകാലികങ്ങളിൽ ചെറുകഥകൾ എഴുതി പ്രസിദ്ധരായതിനു ശേഷമാണ് പലരും നോവലുകൾ എഴുതി തുടങ്ങുന്നത്. അതുകൊണ്ട് ജീവിതത്തെ സംബന്ധിച്ച സമഗ്രമായ തിരിച്ചറിവും ഉൾക്കാഴ്ചയും പലരുടെയും രചനകളിൽ ഉണ്ടായില്ല. പലർക്കും ചെറുകഥയും നോവലും തമ്മിലുള്ള വേർപിരിയലുകളുടെ മാനദണ്ഡം ചെറുസംഭവങ്ങളും അനേകം സംഭവങ്ങളും എന്നതായിരുന്നു. പലപ്പോഴും ഒരു നോവലിസ്റ്റിനു വേണ്ട സമഗ്രമായ ജീവിതാവബോധം ചെറുകഥകൾ എഴുതി വളർന്നുവന്ന മിക്ക നോവലിസ്റ്റുകൾക്കും ഉണ്ടായിരുന്നില്ല.

കവിതകളുടെയും പഠനങ്ങളുടെയും അവസ്ഥയും ഇതുതന്നെയാണ്. എവിടെയും സമഗ്രമായ ജീവിത അന്വേഷണങ്ങളും കണ്ടെത്തലുകളും കാണാനാകുന്നില്ല. പകരം വാരികകളുടെ കോളങ്ങളിൽ ഒതുങ്ങിയ രചനകളാണ് ഉണ്ടാകുന്നത്. ലേഖനങ്ങൾ ചുരുങ്ങിച്ചുരുങ്ങി രണ്ടു പേജിനു താഴെയായിരിക്കുന്നു. ഇവയെ കൂട്ടിക്കെട്ടി പുസ്തകമാക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. വാരികകളിൽ എഴുതി പ്രസിദ്ധനാകുന്നതോടെ പുസ്തക പ്രസാധകരും ഇത്തരം രചനകൾ അച്ചടിക്കാൻ തയ്യാറായി മുന്നോട്ട് വരുന്നു. എവിടെയും കച്ചവടസാധ്യതകളാണുള്ളത്.

ഇത്തരമൊരു ഒരു തിരിച്ചറിവാണ് ജീവിതത്തെ സമഗ്രമായി കാണാൻ എനിക്കു കാരണമായത്. അവസ്ഥയെ അനുസരിക്കുകയല്ല അവസ്ഥയെ ധിക്കരിക്കുകയാണ് ജീവിതത്തിന്റെയും സർഗാത്മകതയുടെയും നിലപാടെന്ന് ഞാൻ തിരിച്ചറിഞ്ഞു. അതുകൊണ്ട്

സാമ്പ്രദായികരീതികളെ സർഗാത്മക ജീവിതത്തിലും സ്വന്തം ജീവിതത്തിലും സ്വീകരിക്കാൻ ഞാൻ തയ്യാറായില്ല. ഒരുപക്ഷേ, ചെറുപ്പം മുതൽക്കേയുള്ള എം. സുകുമാരനുമായുള്ള വൈഷണിക നിലപാടുകളാണ് എന്റെ ജീവിതബോധത്തെ വികസിപ്പിച്ചതെന്നു പറയാം.

സാമ്പ്രദായിക ജീവിതത്തിന്റെ രീതികളെ സ്വീകരിച്ച് ജീവിതം വ്യർത്ഥമാക്കിയെന്ന ദുഃഖത്തോടെ മരിക്കാൻ എക്കാലത്തും ഞാൻ ആഗ്രഹിച്ചിട്ടില്ല. അതുകൊണ്ട് അവസ്ഥയെ മറികടക്കുക എന്നതായിരുന്നു എന്റെ പ്രധാന പ്രശ്നം. വീടിന്റെ ചുവരുകൾക്കുള്ളിൽ എം. സുകുമാരൻ തന്റെ ജീവിതത്തെ പരിമിതപ്പെടുത്തുകയുണ്ടായി. അത്തരമൊരു നിലപാടിനെ സ്വീകരിക്കാൻ എനിക്കു കഴിഞ്ഞില്ല. സർഗാത്മകമായ ജീവിതമാണ് എന്നെ എക്കാലത്തും മുമ്പോട്ടു നയിച്ചിരുന്നത്. ഒരിക്കലും കുടുംബത്തിന്റെ ചുറ്റുവട്ടത്തിൽ ഒതുങ്ങാൻ എനിക്ക് കഴിഞ്ഞില്ല.

സർഗാത്മകജീവിതത്തിന്റെ അഭാവം എന്നെ ആത്മഹത്യയിലേയ്ക്ക് എത്തിക്കുമെന്ന് എം. സുകുമാരന് അറിയാമായിരുന്നു. അതുകൊണ്ട് എന്നോട് എഴുതാനാണ് എം. സുകുമാരൻ നിരന്തരം ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, സർഗാത്മകമായ പീഡനങ്ങളെ സഹിക്കാനാവാതെ അദ്ദേഹം എഴുത്തു നിർത്തുകയും ചെയ്തു. പിന്നീട്, എക്കാലത്തേക്കുമായി എഴുതാതിരിക്കാനാണ് എം. സുകുമാരൻ ശ്രമിച്ചിട്ടുള്ളത്. *പിതൃതർപ്പണ*വും *ജനിതക*വും വർഷങ്ങളുടെ ഇടവേളക്കുശേഷം എം. സുകുമാരൻ എഴുതിയെങ്കിലും തന്റെ സർഗാത്മകജീവിതം അവസാനിച്ചുവെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

അക്ഷരങ്ങൾ എം. സുകുമാരന്റെ ജീവിതത്തിന് എക്കാലത്തും തുണയായിരുന്നു. എന്നാൽ, എന്റെ ജീവിതത്തെ അക്ഷരങ്ങൾ എക്കാലത്തും പീഡിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പക്ഷേ, ആ അക്ഷരങ്ങൾ തന്നെയാണ് എനിക്ക് ആത്മഹത്യ ചെയ്യാതിരിക്കാനുള്ള ശക്തി നൽകിയത്. അതിനെക്കുറിച്ചുള്ള തിരിച്ചറിവുകൊണ്ടാണ് എം.സുകുമാരൻ എന്നോട് നിരന്തരം എഴുതാൻ ആവശ്യപ്പെട്ടുള്ളത്.

സ്വകാര്യജീവിതത്തിലും സർഗാത്മക ജീവിതത്തിലും സാമ്പ്രദായികതയെ പിന്തുടരാത്ത ഞാൻ വലിയൊരു ദുരന്തത്തെ ഏറ്റുവാങ്ങാൻ സന്നദ്ധനായിരുന്നു. എന്നാൽ, മരണത്തെ സർഗാത്മകത കൊണ്ട് അതിജീവിക്കാനാണ് ഞാൻ ശ്രമിച്ചത്. അതുകൊണ്ട്

സാഹിത്യത്തെ വലിയ പ്രത്യാശയോടെയാണ് ഞാൻ സമീപിച്ചത്. മരണത്തെ അതിജീവിച്ച എല്ലാ മണ്ഡലങ്ങളിലെയും സർഗാത്മക പ്രതിഭകളെ ഞാൻ ആരാധനയോടെയാണ് സമീപിച്ചിരുന്നത്. കാലത്തോടൊപ്പം നടന്ന് കാലാതീതനാകാനുള്ള വഴികളെയാണ് ഞാൻ തിരഞ്ഞുകൊണ്ടിരുന്നത്. എന്റെ പ്രവർത്തനമണ്ഡലം നോവലായതുകൊണ്ടാകാം രചനകളിൽ വ്യത്യസ്തത പുലർത്താൻ ഞാൻ എപ്പോഴും ശ്രദ്ധിച്ചു. അതുകൊണ്ട് സാമ്പ്രദായികരീതികളെയും ചിന്തകളെയും എനിക്ക് ഉപേക്ഷിക്കേണ്ടിവന്നു. എന്റെ മുമ്പിൽ വലിയൊരു നിര വായനക്കാർ ഉണ്ടായിരുന്നില്ല. സാമ്പ്രദായിക വായനക്കാരുടെ ചിന്തകളെയും സൗന്ദര്യ സങ്കൽപ്പങ്ങളെയും മാറ്റിപ്പണിയാനാണ് ഞാനെപ്പോഴും ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രസ്ഥാനങ്ങളുടെ വേലിക്കെട്ടുകളിൽ നിന്നും എനിക്ക് പുറത്തു ചാടേണ്ടി വന്നു. വായനയും എഴുത്തും ഒരുപോലെ വ്യക്തിയിൽ സംഭവിക്കുന്ന വിസ്ഫോടനമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. കൂട്ടപ്പടയിലും ആൾക്കൂട്ടത്തിലും ചേരുക എന്റെ വഴിയല്ലെന്ന് ഞാൻ മനസ്സിലാക്കി.

ജീവിതത്തെ സംഭവങ്ങളുടെ തുടർച്ചയായി ആവിഷ്കരിക്കാൻ ഞാൻ തയ്യാറായില്ല. കാഴ്ചകൾക്കപ്പുറത്തുള്ള സൗന്ദര്യാത്മക ക്കാഴ്ചകൾ അസത്യവും അർദ്ധസത്യവുമാണെന്ന് ഞാൻ കണ്ടെത്തി. ഇന്ത്യയിലെ സാഹിത്യവും ചിത്രകലയും ശില്പകലയും നൃത്തവും ദർശനവും എല്ലാം സവർണ്ണതാൽപ്പര്യങ്ങൾ സംരക്ഷിക്കുകയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവാണ് എന്റെ ജീവിതത്തെ അപകടകരമാംവിധം ദുരന്തമാക്കി തീർത്തത്. ഇക്കാലത്തെയും എക്കാലത്തെയും മാധ്യമങ്ങളെല്ലാം സവർണ്ണതാൽ പര്യങ്ങളെയാണ് സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്.

നമ്മുടെ പത്രക്കാർ എക്കാലത്തും മുഖ്യധാരയുടെ വക്താക്കളാണ്. വമ്പിച്ച വായനക്കാരെ സ്വപ്നം കണ്ടിരുന്ന അവർ രചനാപരമായ മുന്നേറ്റങ്ങളെ സ്വീകരിക്കാൻ തയ്യാറല്ല. അവരുടെ അടഞ്ഞ മനസ്സുകൾക്ക് മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയില്ല. വിപണിസാധ്യതയെ മുന്നിൽ കണ്ട് പ്രസിദ്ധീകരിച്ചിരുന്ന പല വാരികകളുടെയും ഇന്നത്തെ അവസ്ഥ നമുക്ക് കാണാനാകും.

മലയാളത്തിലെ മികച്ച വായനക്കാർ പലപ്പോഴും ഇംഗ്ലീഷിനെയാണ് ആശ്രയിക്കുന്നത്. അതിനു കാരണം വായനക്കാരുടെ നിലവാരത്തിലേയ്ക്ക് ഉയരാത്ത വാരികകളും എഴുത്തുകാരുമാണ്. മലയാളത്തിലെ മിക്ക എഴുത്തുകാരും വാരികകളെ മുന്നിൽക്കണ്ട്

അവയുടെ താല്പര്യങ്ങളെ ലക്ഷ്യമാക്കി ഖണ്ഡശ്ശ എഴുതുകയാണ്. ഇത് മാറ്റങ്ങളെ പൂർണ്ണമായും നിഷേധിക്കുന്നു. തുടർച്ചകളാണ് എവിടെയും ഉണ്ടാകുന്നത്.

സാഹിത്യത്തെ ഗൗരവമായി സമീപിക്കുന്ന കുറച്ചു വായനക്കാർ മാത്രമാണ് നമുക്കുള്ളത്. പലപ്പോഴും അവർ പ്രസ്ഥാനങ്ങളുടേയോ പക്ഷങ്ങളുടേയോ വക്താക്കളല്ല. ജീവിതത്തെ ഉൾക്കാഴ്ചയോടെ സമീപിക്കുകയാണ് അവർ ചെയ്യുന്നത്. എന്നാൽ, പരിതാപകരമായ അവസ്ഥയാണ് മലയാളസാഹിത്യത്തിൽ നിലനിൽക്കുന്നതെന്നു കാണാം. നിലവിലുള്ള സാമൂഹ്യ, രാഷ്ട്രീയ സ്ഥിതി അനുസരിച്ച് ചിന്തിക്കുന്നവരാണ് ഭൂരിപക്ഷം മലയാളികളും. ഇതേ അവസ്ഥയാണ് സാഹിത്യകാരൻമാരും പിൻതുടരുന്നത്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സംഖ്യാബലം വർദ്ധിപ്പിക്കാൻ വേണ്ടി പലപ്പോഴും തീവ്രവാദ നിലപാടുകളോടുപോലും നിശബ്ദത പാലിക്കുന്നു. അവരുടെ തീവ്രനിലപാടുകളോട് എഴുത്തുകാരന് രാഷ്ട്രീയപാ ർട്ടികളെ പോലെ നിശ്ശബ്ദതദ്ധനാകേണ്ടി വരുന്നു. ഭൂരിപക്ഷ തീവ്രവാദത്തെ അധിക്ഷേപിക്കുമ്പോൾ ന്യൂനപക്ഷ തീവ്രവാദത്തെ രാഷ്ട്രീയക്കാരെപ്പോലെ എഴുത്തുകാരനും കണ്ടില്ലെന്ന് നടിക്കുന്നു. ഭൂരിപക്ഷതീവ്രവാദവും ന്യൂനപക്ഷ തീവ്രവാദവും ഒരുപോലെ മനുഷ്യനെയാണ് കൊല്ലുന്നതെന്ന സത്യത്തെ അവരാരും വിളിച്ചു പറയുന്നില്ല. സ്വതന്ത്രമായി ചിന്തിക്കുക അപകടകരമായി ജീവിക്കുക എന്ന അവസ്ഥയാണ് ഇപ്പോൾ ഇവിടെയുള്ളത്.

നായന്മാരുടെ ഉയർച്ചക്കുവേണ്ടി നായർ സമൂഹം ആഗ്രഹിച്ചപ്പോൾ അതേ ലക്ഷ്യത്തോടെയാണ് സി. വി. രാമൻപിള്ള രചനകൾ നടത്തിയത്. ചന്തുമേനോൻ പരിവർത്തനം ആഗ്രഹിച്ച സമൂഹത്തിനുവേണ്ടിയാണ് നോവലുകൾ എഴുതിയത്. തകഴി ശിവശങ്കരപ്പിള്ളയും കേശവദേവും കമ്മ്യൂണിസം ആഗ്രഹിച്ച സമൂഹത്തിനുവേണ്ടി രചനകൾ നിർവഹിച്ചു. ആളോഹരിവിഹിതം നടന്ന സമുദായത്തിൽ സ്വന്തം കാലിൽ നിൽക്കാൻ ആഗ്രഹിച്ച ഭൂരിപക്ഷം വ്യക്തികൾക്കുവേണ്ടി എഴുതിയ എം. ടി. വാസുദേവൻനായർ വായനക്കാരുടെ പ്രിയങ്കരനായ എഴുത്തുകാരനായി. ഇത്തരമൊരു അവസ്ഥ തന്നെയാണ് അസ്തിത്വവാദികളായ എഴുത്തുകാർക്കുമുള്ളത്. വായനാസമൂഹത്തെ മുന്നിൽ കണ്ടാണ് നിലവിലുള്ള ചിന്തയുടെ ഭാഗമായി നമ്മുടെ മിക്ക എഴുത്തുകാരും അവരുടെ രചനകൾ നടത്തിയത്. പിൽക്കാലത്ത് തീവ്രകമ്യൂണിസം മുഖ്യവായനക്കാരുടെ ചിന്തയെ സ്വാധീനിച്ചപ്പോൾ അത്തരം രചനകളും

ഉണ്ടായി. പൊതുപ്രവണതയനുസരിച്ച് അത്തരം രചനകൾ കൊട്ടിഘോഷിക്കപ്പെടുകയും ചെയ്തു.

മേൽപ്പറഞ്ഞ രചനകൾ എല്ലാം തന്നെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും മുഖ്യധാരാവായനക്കാരുടെയും മാധ്യമങ്ങളുടെയും താല്പര്യങ്ങൾക്ക് അനുസരിച്ചാണ് ഉണ്ടായിട്ടുള്ളത്. അവ ജീവിതത്തിന്റെ ഉപരിതലക്കാഴ്ചകളെ യഥാതഥമായി ആവിഷ്കരിക്കുകയും ചെയ്തു. സങ്കേതത്തിൽപോലും കാര്യമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ ആരും തയ്യാറായില്ല. മിക്ക എഴുത്തുകാരും അഭിമുഖസംഭാഷണങ്ങളിൽ എന്റെ വായനക്കാർ എന്നു പറയുന്നത് നമുക്ക് വായിക്കാം. ഈ വായനക്കാരിൽ പലരും രാഷ്ട്രീയക്കാർ മാത്രമാണ്. അവരൊരിക്കലും പുസ്തകങ്ങൾ മറിച്ചുനോക്കുന്നവർ പോലുമല്ല. കേട്ടുകേൾവി മാത്രമാണ് അവരുടെ ആസ്വാദന മാർഗം. ഇത്തരം എഴുത്തുകാർ പുതിയ സൗന്ദര്യസങ്കൽപങ്ങളെ ഉണ്ടാക്കാനും വായനക്കാരുടെ സൗന്ദര്യസങ്കല്പങ്ങളെ പുതുക്കിപ്പണിയാനും പ്രാപ്തരല്ല.

ദൃശ്യമാധ്യമങ്ങളിൽ വളരെ ചുരുങ്ങിയ കാലയളവിൽ വലിയൊരു ജീവിതത്തെ ആവിഷ്കരിക്കാറുണ്ട്. ഒരു പുസ്തകം വായിച്ചു തീർക്കുക അനേകം ദിവസങ്ങൾ നീളുന്ന അദ്ധ്വാനമാണ്. ജീവിതത്തെ യഥാതഥമായി ആവിഷ്കരിക്കുമ്പോൾ പലപ്പോഴും ബൃഹത്തായ രചനകളാണ് ഉണ്ടാകുക. അതുകൊണ്ട് റിയലിസത്തിന് അപ്പുറത്തേയ്ക്ക് സങ്കേതങ്ങളെ കണ്ടെത്തേണ്ടി വരും. ഫാന്റസിയും അലിഗറിയും മിത്തുമെല്ലാം റിയലിസത്തിന് എതിരെ വെല്ലുവിളികൾ ഉയർത്തുന്ന സങ്കേതങ്ങളാണ്. മിത്തിനെ കേട്ടുകേൾവിയിൽനിന്ന് അതേപടി പകർത്തി വെയ്ക്കുകയല്ല വേണ്ടത്. പുതിയൊരു മിത്തിനെ പുതിയ സാഹചര്യത്തിൽ നിന്നു കണ്ടെത്തേണ്ടിയിരിക്കുന്നു. റിയലിസ്റ്റിക് മിത്തോളജിക്കു പകരം മിത്തോളജിക്കൽ റിയലിസമാണ് വേണ്ടത്. കൂടാതെ പാരമ്പര്യമിത്തുകളിൽ നിന്ന് സത്യത്തെ കണ്ടെത്താനുള്ള ശ്രമങ്ങളും ഉണ്ടാകണം. ഒരു പുസ്തകം ഉണ്ടാകുമ്പോൾ അനേകം മരങ്ങൾ ഇല്ലാതാവുമെന്ന് ഓരോ എഴുത്തുകാരനും ഓർമ്മിക്കണം. ഇത് വെറും ഭംഗിവാക്കല്ല. ഓരോ എഴുത്തുകാരന്റെയും ഭാഗമായി തീരേണ്ട സത്യമാണ്.

സർഗാത്മകത വ്യക്തിയുടെ പ്രത്യേകതയെ വെളിപ്പെടുത്തുന്നു. അങ്ങനെ അയാളുടെ വ്യക്തിത്വവും സ്വത്വവും എക്കാലത്തും നിലനിൽക്കുന്നു. എന്നാൽ, രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടിത സംഘങ്ങളും സാഹിത്യത്തെ നിയന്ത്രിക്കുമ്പോൾ എപ്പോഴും

അവരുടെ താൽപര്യങ്ങളാണ് സംരക്ഷിക്കപ്പെടുക. എഴുത്തുകാരൻ അണികളിൽ ഒരംഗമായി തീരുന്നു. അതോടെ അയാളുടെ സവിശേഷമായ സർഗാത്മകത ആൾക്കൂട്ടത്തിന്റെ ഭാഗമാകുന്നു. പ്രസ്ഥാനങ്ങളുടെ ഭാഗമാകുന്നതോടെ സർഗാത്മകമായ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ് ഇല്ലാതാവുന്നത്. അതോടെ അയാൾ കൂട്ടപ്പടയിലെ ഒരംഗം മാത്രമാകുന്നു.

ഇന്ത്യൻ കമ്മ്യൂണിസത്തിന്റെ പരാജയത്തിനുള്ള പ്രധാന കാരണം അവർ ഇന്ത്യയെ തിരിച്ചറിയുന്നില്ല എന്നതാണ്. ജാതീയ സമൂഹത്തെ വർഗമായി കാണാനാണ് അവർ ശ്രമിച്ചത്. സാമ്പത്തികപരിവർത്തനത്തിലൂടെ സാംസ്കാരികമായ മാറ്റമുണ്ടാകുമെന്നും അവർ കരുതി. ഇത്തരം സാമ്പത്തികവാദത്തിൽ ഊന്നിയ ചിന്തകൾ വിധിവിശ്വാസത്തെപ്പോലെ കമ്മ്യൂണിസ്റ്റുകാർ പിന്തുടരുകയും ചെയ്തു. പരിണാമസിദ്ധാന്തത്തിന്റെ പിൻബലത്തിൽ മനുഷ്യരിൽനിന്ന് കുരങ്ങിലേക്ക് തിരിച്ചുപോകില്ല എന്ന ന്യായത്തെയും അവർ കണ്ടെത്തി.

എന്നാൽ മറ്റു ചിലതാണ് ഇന്ത്യൻ സാഹചര്യത്തിൽ സംഭവിക്കുന്നത്. ഒരുകാലത്ത് കമ്മ്യൂണിസത്തിന്റെ ശക്തികേന്ദ്രമായിരുന്ന തെലുങ്കാനയും തമിഴ്നാട്ടിലെ മധുരയും മറ്റും എൻ.ടി. രാമറാവുവിന്റെയും എം.ജി.രാമചന്ദ്രന്റെയും വരവോടെ സംഭവങ്ങൾ കീഴ്മേൽ മറിയുന്നു. സിനിമാനടൻമാരായ അവർ രണ്ടു സംസ്ഥാനങ്ങളിലെയും ജനതയെ അടക്കിഭരിക്കുകയാണ്. മിഥ്യാധാരണകളെ വെച്ചുപുലർത്തിയ ജനക്കൂട്ടം അവരുടെ സാമൂഹ്യവിരുദ്ധമായ താൽപര്യങ്ങളെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അവർ തിരശ്ശീലയിലെ നായകന്മാരിൽ വിമോചനസങ്കൽപ്പങ്ങളെ കണ്ടെത്തുകയാണ് ചെയ്തത്. മിഥ്യാധാരണകളിൽ അകപ്പെട്ട അവർ കമ്മ്യൂണിസത്തെ പൂർണ്ണമായി കയ്യൊഴിയുകയും ചെയ്തു. ഇതിന്റെ പിന്നിലുള്ള സാംസ്കാരികമായ തലങ്ങളെ കണ്ടെത്താനും പരിഹാരങ്ങളെ പ്രാവർത്തികമാക്കാനും ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞില്ല. കാരണം അവർ എപ്പോഴും വർവിഗഭജനങ്ങളെയാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി കണ്ടത്.

എൻ.ടി.രാമറാവുവിനെ ആന്ധ്രയിലെ ഭൂരിപക്ഷം ജനങ്ങളും അവതാരപുരുഷനായി കണ്ടിരുന്നു. എന്നാൽ തമിഴ്നാട്ടുകാർക്ക് എം.ജി.രാമചന്ദ്രൻ രക്ഷകനായിരുന്നു. സിനിമയിൽ അവതാരപുരുഷനും രക്ഷകനുമായി വേഷമിട്ടിരുന്ന ഇവർ ഭരണാധികാരികളാകുന്നതോടെ സമ്പൂർണമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന്

ജനങ്ങൾ വിശ്വസിച്ചു. ഇതിനു കാരണം ഇന്ത്യൻ ഹൈന്ദവദർ ശനത്തിന്റെ പ്രത്യേകതയാണ്. പൂർവ്വജന്മങ്ങളുടെ കർമ്മഫല ങ്ങളാണ് ഓരോരുത്തരും ജീവിതമായി അനുഭവിക്കുന്നത്. ഇത് അനുഭവിക്കാൻ വേണ്ടിയാണ് ഇന്ത്യയിൽ മനുഷ്യർ ജനിക്കുന്നത്. ഇന്ത്യയിൽ ഹൈന്ദവർ ജാതിശൃംഖലയുടെ ഭാഗമാകുന്നത് പൂർ വാർജ്ജിതമായ കർമ്മഫലം കൊണ്ടാണ്. പൂർവ്വജന്മത്തിലെ കർമ്മ ഫലത്തെ ജീവിതമായി അനുഭവിക്കുകയാണ് ഓരോരുത്തരും ചെയ്യുന്നത്. ഇതിനെ മനുഷ്യർക്ക് മാറ്റിത്തീർക്കാൻ കഴിയില്ല. കാരണം ദൈവഹിതമാണ് ഇവിടെ നടപ്പിലാക്കുന്നത്. മനുഷ്യനെ ക്കൊണ്ട് ജീവിതത്തിന് പരിവർത്തനം ഉണ്ടാക്കാൻ കഴിയില്ല. ദൈവ ത്തിനാണ് ലോകത്തിലും മനുഷ്യജീവിതത്തിലും എന്തെങ്കിലും മാറ്റങ്ങളുണ്ടാക്കാൻ കഴിയുക. ഇതു സംഭവിക്കുന്നത് ദൈവം അവതരിക്കുമ്പോഴും രക്ഷകനായി എത്തുമ്പോഴുമാണ്. മനുഷ്യന് ചെയ്യാൻ കഴിയുക വിധിയായ പൂർവ്വാജ്ജിത കർമ്മഫലഞ്ഞ ഭൗതി കതാൽപര്യങ്ങൾ ഇല്ലാതെ അനുസരിക്കുക മാത്രമാണ്. കർമ്മ ഫലത്തെ ആഗ്രഹിക്കാതെ വിധിവിഹിതമായ ജീവിതത്തെ അനുഭവിക്കണം എന്നുമാത്രം.

പരിസരബോധം ഉണ്ടാക്കുന്ന കമ്മ്യൂണിസത്തെ ഹൈന്ദവ ദർശനങ്ങൾ പുറന്തള്ളുക സ്വാഭാവികമാണ്. സംസ്കാരത്തെ സംബന്ധിച്ച് വ്യക്തമായ ധാരണകളൊന്നും കമ്മ്യൂണിസ്റ്റുകാർക്ക് ഉണ്ടായിരുന്നില്ല. സ്വാഭാവികമായി സ്വന്തം നിഗമനങ്ങൾ പ്രകാരം സാമ്പത്തികതലങ്ങളെ കേന്ദ്രമാക്കി അവർ ചിന്തിക്കുകയും പ്രവർ ത്തിക്കുകയും ചെയ്തു. സാമ്പത്തികസമത്വം ഉണ്ടാകുന്നതോടെ എല്ലാവിധ വിഭജനങ്ങളും അവസാനിക്കുമെന്നും അവർ കരുതി. ആചാരങ്ങളെയും അനാചാരങ്ങളെയും അവർ സാമ്പത്തിക മണ്ഡലത്തിലാണ് ഉൾക്കൊള്ളിച്ചിരുന്നത്. സംസ്കാരത്തെയും സാമ്പത്തികഘടനയിലാണ് കമ്മ്യൂണിസം ബന്ധിപ്പിച്ചിരുന്നത്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയെ പരിശോധിക്കുമ്പോൾ തികച്ചും ജാതീയമായ ഘടനയാണ് അവിടെയുമുള്ളത്. കേരളത്തിൽ പ്രത്യേ കിച്ചും. ഭൂസ്വത്തിന് അവകാശമില്ലാത്ത അപ്ഫൻമാരായ ബ്രാഹ്മ ണരും രാജ്യം നഷ്ടപ്പെട്ട ക്ഷത്രിയരും ആളോഹരിവിഹിതംവെച്ച് ദരിദ്രരായ നായന്മാരും ചേർന്നാണ് കേരളത്തിൽ കമ്മ്യൂണിസ ത്തിന് വേരുപാകുന്നത്. കൂട്ടത്തിൽ ഈഴവൻമാരായ കുടിയാന്മാ രുമുണ്ട്. ഇവർക്ക് താഴെയാണ് അടിയാളൻമാരായ ചെറുമക്കൾ. ഇത്തരമൊരു ജാതിസഖ്യമാണ് കമ്മ്യൂണിസത്തിന്റെ ആന്തരിക

ഘടനയിലും ഉണ്ടായിരുന്നത്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യൻ അവസ്ഥയിൽ ജാതിയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ഞാനെപ്പോഴും ചിന്തിച്ചുകൊണ്ടിരുന്നു. സംസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്, ശാങ്കരദർശനത്തിന് ആധുനികകാലംവരെ നീളുന്ന സ്വാധീനത്തെക്കുറിച്ച് എനിക്ക് തിരിച്ചറിവുണ്ടായിരുന്നു. മായാവാദം പ്രാചീനകാലത്തെ നടപടികളെ അതേപടി നിലനിർത്തി. എല്ലാത്തരം അനാചാരങ്ങളെയും മായയാണെന്ന് വരുത്തിത്തീർത്ത് നടപ്പിലാക്കാൻ അനുവദിക്കുകയും ചെയ്തു. ജീവിതം മായയാണെന്നു പറഞ്ഞ ഇന്ത്യയിലെ വരേണ്യവർഗം പരമാർത്ഥത്തിനും മോക്ഷത്തിനും വേണ്ടിയല്ല പ്രവർത്തിച്ചത്. തികച്ചും ഭൗതികമായ സാമ്പത്തിക ലക്ഷ്യങ്ങളാണ് അവർക്കുണ്ടായിരുന്നത്. പൂർവ്വജന്മാർജ്ജിത കർമ്മഫലവും ജാതിയും മായയും നിഷ്കാമകർമ്മവും എല്ലാം അവരുടെ ഭൗതികമായ നിലനിൽപ്പിനു വേണ്ടിയുള്ള ന്യായവാദങ്ങളായിരുന്നു. അഹംബ്രഹ്മാസ്മി എന്നു പറയുമ്പോഴും മനുഷ്യരോട് തീണ്ടാപ്പാടകലെ നിൽക്കാനാണ് ഇന്ത്യൻ സവർണ്ണവർഗം കൽപ്പിച്ചിരുന്നത്.

ഇത്തരം തിരിച്ചറിവുകളാണ് എന്റെ നോവലുകളിൽ വിഷയമാകുന്നത്. അതൊരിക്കലും സാമ്പ്രദായിക വായനക്കാരുടെ രീതികൾക്ക് വഴങ്ങുന്നതല്ല. ഇന്ത്യയുടെ പ്രത്യേകത അത് പ്രാകൃത മനുഷ്യരുടെയും ആധുനികമനുഷ്യരുടെയും ജീവിതരീതികളെ വ്യത്യസ്തതകളോടെ ഇപ്പോഴും നിലനിർത്തുന്നു എന്നതാണ്. മൃഗബലി നടത്തുന്നവർ യാതൊരു സങ്കോചവും കൂടാതെ പരമാത്മാവിനെക്കുറിച്ചും ആത്മാവിനെക്കുറിച്ചും പറയുന്നു. അതുപോലെ അഭേദചിന്ത പറയുന്നവർ തന്നെയാണ് മനുഷ്യരെ അധഃകൃതരും നികൃഷ്ടരും ആക്കുന്നത്.

ഇത്തരം ആശങ്കകളും സ്വകാര്യമായ ദർശനങ്ങളുമാണ് ഞാൻ എന്റെ രചനകളിൽ പങ്കുവയ്ക്കുന്നത്. നമ്മുടെ സാമ്പ്രദായിക നോവലുകളിൽ ജീവിതത്തിലെ ഉപരിതല കാഴ്ചകളാണ് നിറഞ്ഞുനിൽക്കുന്നത്. ആഴങ്ങളും ആശയങ്ങളും ദർശനങ്ങളും അവ യിൽ അന്യമാണ്. കാരണം, പണത്തിനു വേണ്ടി *മലയാളനാട്* വാരികയിൽ അശ്ലീലനോവൽ എഴുതുകയും സിഗരറ്റ് പരസ്യത്തിന് നിൽക്കുകയും ചെയ്ത എഴുത്തുകാരനാണ് മലയാളത്തിലെ ഒരു പ്രമുഖ നോവലിസ്റ്റ്. ഇത്തരം കുൽസിത മനസ്സുകളെയാണ് പലരും പിന്തുടരുന്നത്. *മലയാളനാട്* വാരികയിൽ അശ്ലീല നോവലുകൾ

എഴുതിയ പലരും അവയെ പുസ്തകമാക്കിയില്ല. പമ്മനാണ് വാരികയിൽ വന്ന തന്റെ അശ്ലീല നോവലുകളെ പുസ്തകമാക്കുന്നത്. അതുകൊണ്ട് അശ്ലീലനോവലിസ്റ്റ് എന്ന പേര് അയാൾക്കു കിട്ടി. അയാളുടെ കൂടെ *മലയാളനാട്* വാരികയിൽ അശ്ലീലങ്ങൾ എഴുതിയ നോവലിസ്റ്റുകൾ അവയെ പുസ്തകമാക്കാതെ മാന്യന്മാരായി.

ഭാഷയ്ക്ക് അനേകം തലങ്ങളാണുള്ളത്. മാധ്യമങ്ങൾക്ക് വഴങ്ങാത്ത സാഹിത്യത്തിന്റേതായ സ്വകീയമായ ഭാഷ കണ്ടെത്തുകയാണ് വേണ്ടത്. അതിന് പുതിയൊരു സൗന്ദര്യബോധമാണ് വായനക്കാരൻ നേടിയെടുക്കേണ്ടത്. വായനക്കാരന്റെ ഭാഗത്തുനിന്ന് കഠിനപരിശ്രമങ്ങൾ ആവശ്യമാണ്. കഥകളി ആസ്വദിക്കാൻ സാങ്കേതിക പരിജ്ഞാനം കാഴ്ചക്കാരൻ നേടിയെടുക്കുക തന്നെ വേണം. അതുപോലെയാണ് വായനയിലും സംഭവിക്കുന്നത്.

മലയാളഭാഷ ജാതീയമായ വേർതിരിവുകളോടെയാണ് വാമൊഴികൾ ഉപയോഗിക്കുന്നത്. വാമൊഴിഭാഷയുടെ സ്വാധീനം പലപ്പോഴും സാഹിത്യത്തിലേക്ക് എത്താറുണ്ട്. എന്നാൽ മികച്ചതായി എപ്പോഴും സ്വീകരിക്കപ്പെടുക മേൽത്തട്ടുകാരുടെ സംസാരഭാഷയാണ്. സംസ്കൃതം മലയാളത്തിൽ ഉയർന്ന സ്ഥാനം നേടിയത് അത് ജാതിയുമായും അധികാരവുമായും ബന്ധപ്പെട്ടതുകൊണ്ടാണ്. പിൽക്കാലത്ത് മാനകഭാഷ പ്രാമുഖ്യം നേടിയത് അത് അധികാരത്തിന്റെ ഭാഷയായതിനാലാണ്.

മലയാളികളുടെ സംസാരഭാഷയുടെ പ്രത്യേകതകളിൽ ജാതീയതയുടെ വേർതിരിവുകൾ നിലനിൽക്കുന്നുണ്ട്. സംസ്കൃത സ്വാധീനം വൈഷ്ണവതയായും ദ്രാവിഡസ്വാധീനം ശൈവമായും നമ്മുടെ ഭാഷയിൽ കടന്നുവന്നു. ശൈവത്തെയും വൈഷ്ണവതയെയും ഇഴചേർത്ത് ഒ.വി.വിജയൻ എഴുതിയ *ഖസാക്കിന്റെ ഇതിഹാസം* മലയാളത്തിലെ ശ്രദ്ധേയമായ നോവലായി. എന്നാൽ, പിൽക്കാലത്ത് ഒ.വി.വിജയന്റെ തുടർന്നുള്ള രചനകൾ എല്ലാം തന്നെ വൈഷ്ണവ പക്ഷത്താണ് നിലകൊണ്ടത്. നമ്മുടെ ഭൂരിപക്ഷം വായനക്കാരും സവർണ്ണഭാഷയാണ് ഇഷ്ടപ്പെട്ടിരുന്നത്. കീഴാളൻമാർപോലും സവർണ്ണരായിത്തീരാനാണ് മാനസികമായി ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടാണ് സ്വാഭാവികമായി ദ്രാവിഡത്തനിമയുള്ള മലയാളം അവഗണിക്കപ്പെടുന്നത്. ഭാഷ ഇവിടെ ജാതിയുടെ പ്രതീകമായിതീരുകയാണ്. ജാതീയമായ അപകർഷതാബോധത്തിൽ നിന്ന് രക്ഷപ്പെടാൻ കീഴ്ജാതിക്കാരൻ സ്വന്തം വാമൊഴിഭാഷയെ ഉപേക്ഷിക്കണം. എന്നിട്ട് മാനകഭാഷയിലേയ്ക്ക്

കടന്നുകയറുകയാണ് വേണ്ടത്. വാമൊഴിഭാഷയെ വംശനാശത്തിൽനിന്ന് രക്ഷിക്കാൻ അവയെ സാഹിത്യത്തിൽ സ്ഥാപിക്കുകയാണ് വേണ്ടത്. സാഹിത്യം പൊതുവേ എല്ലാത്തരം ജാതി ഭാഷകളെയും ഉൾക്കൊള്ളാൻ തക്ക വിശാലത നേടിയെടുക്കണം. ജാതി പരമായ അപകർഷതയില്ലാതെ സാഹിത്യത്തെ സ്വീകരിക്കാൻ ഓരോ വായനക്കാരനും കഴിയണം.

എന്റെ രചനകളുടെ ലക്ഷ്യങ്ങൾ തിരിച്ചറിയാൻ വേണ്ടിയാണ് ഞാൻ ഇത്രയും വിശദമായി എഴുതിയത്. അപ്പോൾ എന്റെ രചനകൾ എന്റെ സ്വകാര്യതയെ മാത്രം ചുറ്റിപ്പറ്റിയുള്ളതല്ലെന്ന് വ്യക്തം. ഉയർന്നതരം വായനക്കാർക്ക് സംവദിക്കാവുന്ന വിശാലമായ സാമൂഹികതലമാണ് ഞാൻ ലക്ഷ്യമാക്കുന്നത്. പരാജയപ്പെട്ട ഒരു എഴുത്തുകാരന്റെ നിലപാടുകളാണ് ഇവയെന്ന് വായനക്കാർ തിരിച്ചറിയുക. എങ്കിലും സാഹിത്യസംബന്ധമായ ആവിഷ്കാരനിലപാടുകളിൽ ഞാനിപ്പോഴും ചില ശാഠ്യങ്ങൾ തുടരുന്നു.

എന്റെ മിക്ക നോവലുകളും വായിച്ചിട്ടുള്ള എം.സുകുമാരന് എന്റെ കഴിവിൽ വലിയ പ്രതീക്ഷയുണ്ടായിരുന്നു. കാലം എന്നെ കണ്ടെത്തുമെന്ന് അദ്ദേഹം വിശ്വസിച്ചു. പക്ഷെ, ആളുവില കല്ലുവില എന്ന സത്യത്തെ എം.സുകുമാരൻ എന്നോട് നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്നു. എന്റെ രചനകൾ വാരികകളിൽ പ്രസിദ്ധീകരിക്കാനും പുസ്തകങ്ങൾ ആക്കാനുമുള്ള നിരന്തര ശ്രമങ്ങൾ എം. സുകുമാരൻ നടത്തിക്കൊണ്ടിരുന്നു. നിഷ്കളങ്കത അന്യമായ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെയും എന്റെയും ശ്രമങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു.

എന്റെ സർഗാത്മകമായ ജീവിതം വലിയൊരു പരാജയമായിരുന്നു. അതിന്റെ തുടർച്ചയായി എന്റെ സ്വകാര്യജീവിതവും വലിയൊരു പരാജയമായി. സത്യത്തെ തിരഞ്ഞു കൊണ്ടിരുന്ന ഞാൻ എന്റെ ചുറ്റുപാടും സംഭവിക്കുന്ന സത്യത്തെ തിരിച്ചറിഞ്ഞില്ല. അതിന്റെ കാരണങ്ങളെ എം.സുകുമാരന്റെ ഈ കത്തുകളിൽ നിന്ന് നമുക്ക് കണ്ടെത്താൻ കഴിയും. സാമ്പ്രദായികമായ ചിന്തകളെ സ്വീകരിക്കാത്ത ഞാൻ സാമ്പ്രദായിക രചനകളെ ഉൾക്കൊണ്ടില്ല. വിജയിയുടെ പിന്നാലെയാണ് ലോകം സഞ്ചരിക്കുക. എത്ര പ്രതിഭാശാലിയാണെങ്കിലും പരാജിതൻ അവഗണിക്കപ്പെടുക തന്നെ ചെയ്യും.

ചില ദുശ്ശാഠ്യങ്ങളിൽ ഉറച്ചു നിന്ന എനിക്ക് മലയാള സാഹിത്യത്തെ സംബന്ധിച്ച് വലിയ പ്രതീക്ഷകളൊന്നുമില്ല. വൃത്തികെട്ട കളികൾ കളിക്കാൻ തയ്യാറാകാതെ എന്റെ പരിചയത്തിലുള്ള പല

എഴുത്തുകാരും നിശബ്ദരായി. അവർ സ്വകാര്യജീവിതത്തിലേയ്ക്ക് വഴിമാറി. രാഷ്ട്രീയത്തോട് തന്ത്രപരമായി അടവുനയം സ്വീകരിച്ച പലരും സാഹിത്യരംഗത്ത് മഹാന്മാരായി. കുനിയാൻ ആവശ്യപ്പെടുമ്പോൾ ഇഴയുന്നവർ ഭൗതികനേട്ടങ്ങളെ മാത്രം ലക്ഷ്യമാക്കി. പാർട്ടി നിലപാടിനോട് വിധേയത്വം പുലർത്തുന്ന അവർ പാർട്ടിയുടെ വഴിവിട്ട നീക്കങ്ങളെ ചോദ്യം ചെയ്യുന്നില്ല. അവരും പാർട്ടിയും ഒരുപോലെ ന്യൂനപക്ഷ തീവ്രവാദത്തോട് മൗനംപാലിക്കുന്നു. മുസ്ലിം തീവ്രവാദികൾ യുക്തിവാദിയായ മുസ്ലിമിനെ കൊല്ലുമ്പോൾ അവരും പാർട്ടിയും നിശ്ശബ്ദരാകുന്നു. പാർട്ടി ബഹുരാഷ്ട്രകുത്തകകളെയും കോർപ്പറേറ്റുകളെയും വരവേൽക്കുമ്പോൾ അവർ നിശബ്ദരാണ്. പാർട്ടിയുടെ അഴിമതിക്കഥകളെ അവർ നിശബ്ദത കൊണ്ട് മുടിക്കെട്ടുന്നു. പത്രാധിപൻമാരുടെ താൽപര്യങ്ങൾക്കനുസരിച്ച് അവർ ആവിഷ്കാരങ്ങളെയും സങ്കേതങ്ങളെയും സാമാന്യമായി ആവർത്തിക്കുന്നു. വിഷയത്തിലും സങ്കേതത്തില്ലുള്ള ആവർത്തനങ്ങൾക്കു പുറമെയാണ് വായനക്കാരെ മുൻകൂട്ടിക്കണ്ടുള്ള എഴുത്ത്. അപ്പോൾ സ്വാഭാവികമായും നമ്മുടെ സാഹിത്യരചനകൾ ലോകനിലവാരത്തിൽ നിന്ന് വളരെയധികം പിന്നിലായിരിക്കും. പടിഞ്ഞാറ് വ്യത്യസ്തമായ രചനകൾ ഉണ്ടാകുമ്പോൾ അതിനെ അനുകരിച്ച് എഴുതാനേ നമുക്കു കഴിയൂ.

എം. സുകുമാരന്റെ കത്തുകൾക്ക് ഇത്ര വലിയൊരു ആമുഖം എഴുതേണ്ടി വന്നതിൽ എന്നോട് ക്ഷമിക്കുക. എന്റെ മനസ്സിലിരുപ്പുകളെയാണ് ഞാൻ വെളിപ്പെടുത്തിയത്. ആയിരത്തിതൊള്ളായിരത്തി എഴുപത്തിനാലുമുതലുള്ള ആത്മബന്ധമാണ് ഈ കത്തുകളിലൂടെ ഞങ്ങൾ പങ്കുവെക്കുന്നത്. ആദ്യകാലം തൊട്ടേ ഞങ്ങൾ ഇടമുറിയാതെ കത്തിടപാടുകൾ നടത്തിയിരുന്നു. എന്റെ മനസ്സിന്റെ വേവലാതികളെയാണ് ഞാൻ ഓരോ കത്തിലും എഴുതിയിരുന്നത്. കാലത്തിന്റെ പ്രത്യേകതകൾ ഞങ്ങളുടെ ചിന്തകളെ സ്വാധീനിച്ചിരുന്നു.

ചിറ്റൂരിൽനിന്ന് കൊല്ലങ്കോടിലേയ്ക്ക് താമസം മാറിയ ഞാൻ അമൂല്യമായ പഴയ കത്തുകളെ എല്ലാം ഒരു ട്രെങ്കു പെട്ടിയിലാണ് സൂക്ഷിച്ചിരുന്നത്. എം.സുകുമാരന്റെയും ബി.രാജീവന്റെയും യു.പി.ജയരാജിന്റെയും ധാരാളം കത്തുകളുണ്ടായിരുന്നു. സിവിക് ചന്ദ്രൻ കാർഡിലാണ് കത്തെഴുതിയിരുന്നത്. കൂട്ടത്തിൽ മറ്റു പലരുടേയും കത്തുകളുമുണ്ടായിരുന്നു. ഇവയെല്ലാം കരുതലോടെയാണ് ഞാൻ ട്രങ്ക് പെട്ടിയിൽ സൂക്ഷിച്ചിരുന്നത്.

ഒരു ദിവസം ട്രങ്ക് പെട്ടി തുറന്ന ഞാൻ കത്തുകളെല്ലാം ചിതലെടുത്ത് വെറും മൺകട്ടയായി തീർന്നതിനെ കണ്ടു. പെട്ടിയുടെ അടിയിലുള്ള ചെറിയ തുളയിലൂടെയാണ് ചിതൽ കയറിക്കൂടിയത്. അതോടെ വിലപിടിപ്പുള്ള ആ കത്തുകൾ എനിക്ക് എന്നന്നേയ്ക്കുമായി നഷ്ടമായി. അവ എന്റെ നഷ്ടം മാത്രമായിരുന്നില്ല. കാലത്തിന്റെ രേഖകളെയാണ് ചിതലുകൾ നശിപ്പിച്ചത്. അത് ഒരു തീരാനഷ്ടമായി ഇന്നും എന്റെ മനസ്സിൽ നിലനിൽക്കുന്നു.

കൊല്ലങ്കോടിൽ താമസം ആരംഭിച്ചതിനുശേഷം എം.സുകുമാരൻ എഴുതിയ കത്തുകളാണ് ഇവിടെ സമാഹരിക്കുന്നത്. അവയിൽ തന്നെ ചില കത്തുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. കത്തുകളിലെ അപ്രസക്തമായ ചില ഭാഗങ്ങളെ ഞാൻ ഒഴിവാക്കിയിട്ടുണ്ട്.

ആയിരത്തിതൊള്ളായിരത്തിയെഴുപത്തിനാലിൽ ആരംഭിച്ച ഞങ്ങളുടെ കത്തെഴുതലുകൾ രണ്ടായിരത്തിനു ശേഷം അവസാനിച്ചു. അതിനു കാരണം ടെലഫോണിന്റെ കടന്നു വരവാണ്. ഫോൺവിളിയും നേരിട്ടുകാണലുമായി ഞങ്ങളുടെ ബന്ധം വളർന്നു. മുമ്പ് കത്തെഴുതിയാണ് നേരിട്ട് കണ്ടിരുന്നത്. കൂടാതെ രജനിയുടെ മകന് ഓട്ടിസം ആയതിനാൽ എം.സുകുമാരന്റെ ശ്രദ്ധ കൂടുതലായി കുടുംബത്തിൽ ഒതുങ്ങി.

ഈ കത്തുകളുടെ മഹത്വം എനിക്ക് തിരിച്ചറിയാൻ കഴിയുന്നത് വീണ്ടുമൊരിക്കൽ കൂടി ഇവ വായിക്കുമ്പോഴാണ്. നന്മനിറഞ്ഞ ലോകത്തിനുവേണ്ടി എഴുതിയിരുന്ന എം.സുകുമാരൻ നന്മ നിറഞ്ഞൊരു ഹൃദയത്തിന്റെ ഉടമകൂടിയായിരുന്നു. കത്തിലെ അദ്ദേഹത്തിന്റെ ഓരോ വാക്കുകളും കാലത്തിന്റെ മുഖമുദ്രകൂടിയാണ്. സ്വന്തം വ്യാകുലതകളും അതിലുണ്ടായിരുന്നു. അതൊന്നും ഞങ്ങൾക്ക് വ്യക്തിഗതമായി സംഭവിച്ചതല്ല. സമൂഹത്തിനോട് വ്യക്തി ഇടപഴകുമ്പോഴുള്ള സംഭവങ്ങളായിരുന്നു അതെല്ലാം.

എല്ലാ മനുഷ്യർക്കും നന്മകളെ ആഗ്രഹിച്ചിരുന്ന എം.സുകുമാരനെക്കുറിച്ച് എനിക്ക് കൂടുതലൊന്നും പറയാനില്ല. അദ്ദേഹത്തിന്റെ വാക്കുകൾ ജീവിതവും തുറന്നുവെച്ച പുസ്തകവുമാണ്. ചിന്തയെയും ജീവിതത്തെയും കൂട്ടിച്ചേർക്കാനാണ് എം. സുകുമാരൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നത്.

എം.സുകുമാരന്റെ കാലഘട്ടത്തിൽ ജീവിക്കാൻ അവസരം നൽകിയ കാലത്തിന് പ്രത്യേകം ഞാൻ നന്ദി പറയുന്നു.

കത്തുകൾ

തിരുവനന്തപുരം
25.08.1990

പ്രിയപ്പെട്ട മനോജ്

കത്തു കിട്ടി.

ഇത്രയും നിരാശപ്പെടാൻ എന്തുണ്ടായി? സാഹിത്യം സംബന്ധിച്ച ടെൻഷൻ ഏറെ സഹിച്ച് തീരെ നിവൃത്തിയില്ലാതെ വന്നപ്പോൾ അമ്പും വില്ലും വെച്ച് കീഴടങ്ങിയവനാണ് ഞാൻ. ശാരീരികാസ്വാസ്ഥ്യങ്ങളാണ് ഇപ്പോൾ എന്നെ അലട്ടുന്നത്. എന്നിട്ടും പിടിച്ചു നിൽക്കുന്നു.

മറ്റേതെങ്കിലും വഴിക്ക് ശ്രദ്ധ തിരിച്ചുവിടുക. കൂട്ടുത്തരവാദിത്വം മറക്കാതിരിക്കുക. കുടുംബം ഒരു തണൽ ആക്കുക.*

ഞങ്ങൾ 2-ാം തീയതി വരുന്നുണ്ട്. 8 നു തിരിച്ചുപോകും.

നിർത്തട്ടെ.

എം. സുകുമാരൻ

322 പ്രശാന്ത് നഗർ,

ഫോർട്ട് പി.ഒ. തിരുവനന്തപുരം 23

---

* *ദേശാഭിമാനി സ്റ്റഡിസർക്കിളുമായും സാംസ്കാരിക വേദിയുമായുമുള്ള ബന്ധം അവസാനിപ്പിച്ചതിനു ശേഷം എനിക്ക് ദാർശനികമായും സാഹിത്യപരമായും അനേകം മാറ്റങ്ങളുണ്ടായി. ഉപരിലക്കാഴ്ചകളിൽനിന്ന് ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഞാൻ ഇറങ്ങിച്ചെന്നു. വ്യർത്ഥമാകുന്ന ജീവിതത്തെ സർഗാത്മകത കൊണ്ടാണ് ഞാൻ നേരിട്ടത്. കാലത്തോടും മരണത്തോടുമാണ് ഞാൻ ഏറ്റുമുട്ടിയത്. ഇതിനെക്കുറിച്ചാണ് സൂചന.*

തിരുവനന്തപുരം
30.12.1991

പ്രിയപ്പെട്ട മനോജ്

കത്ത് ശനിയാഴ്ചയാണ് കിട്ടിയത്. മാറ്റങ്ങളൊന്നുമില്ല. എന്നെക്കാൾ കൂടുതൽ എന്നെക്കുറിച്ച് അറിയുന്ന വാക്കുകൾക്കെന്തു മാറ്റം വരുത്താൻ? *

മാർച്ചിലെ ചിറ്റൂർക്കുള്ളൂ. *ജനയുഗം* തീയതി അറിയിക്കുമല്ലോ.[3]

അവിചാരിതമായി കിട്ടിയ തുക ഏറെ സഹായിച്ചു. പല മനഃപ്രയാസങ്ങളും തൽക്കാലത്തേയ്ക്കാണെങ്കിലും ഒഴിവായി കിട്ടി, കുറച്ച് കടബാധ്യതകളും. നിർത്തട്ടെ.

സ്നേഹത്തോടെ,

എം. സുകുമാരൻ

** ഗൾഫിൽനിന്ന് നാട്ടിലേക്ക് വന്ന വി.എസ്.വസന്തൻ പുസ്തക പ്രസിദ്ധീകരണ രംഗത്തേയ്ക്ക് ഇറങ്ങാൻ തയ്യാറായി. എം.ടി.യുടെയും എം. സുകുമാരന്റെയും രചനകളാണ് അയാൾ ആദ്യമായി പ്രസിദ്ധീകരിക്കാൻ തയ്യാറായത്. കുറെ വർഷങ്ങളായി എഴുത്തു നിർത്തി നിശബ്ദനായ എം..സുകുമാരൻ പുസ്തകങ്ങൾ പുനഃപ്രസിദ്ധീകരണത്തിന് പോലും നല്കാൻ തയ്യാറായിരുന്നില്ല. ഞാൻ നിർബന്ധിച്ചപ്പോൾ ചരിത്രഗാഥ വി.എസ്.വസന്തനു നൽകി. വസന്തൻ റോയൽറ്റി പൂർണ്ണമായും മുൻകൂറായി നൽകി. വസന്തൻ ചരിത്രഗാഥ പുനഃപ്രസിദ്ധീകരിച്ചപ്പോൾ എം.സുകുമാരൻ മറ്റു പുസ്തകങ്ങളും പ്രസിദ്ധീകരിക്കാൻ തയ്യാറായി. പുസ്തക എന്ന പേരിലാണ് വി.എസ്. വസന്തൻ തൃശ്ശൂരിൽനിന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയത്. എന്നാൽ, ചുരുങ്ങിയ കാലം കൊണ്ടു തന്നെ പ്രസാധകരംഗത്തു നിന്നു വസന്തന് പിൻമാറേണ്ടിവന്നു.*

** ജനയുഗം വാരികയിൽ കാലാവധി എന്ന എന്റെ നോവൽ പ്രസിദ്ധീകരിക്കുന്ന തീയതിയെ കുറിച്ചാണ് എം.സുകുമാരൻ ഇവിടെ അന്വേഷിക്കുന്നത്.*

തിരുവനന്തപുരം
01.04.199

പ്രിയപ്പെട്ട മനോജ്

28.03.1991 യാത്ര. 29, 30 ചിറ്റൂരിൽ. 31 നു മടക്കയാത്ര. ഒറ്റയ്ക്കായിരുന്നു. തിരിച്ചെത്തിയപ്പോഴാണ് കത്തു കണ്ടത്. അമ്മയ്ക്ക് കാലിൽ നീരും മറ്റും ആണെന്നറിഞ്ഞ് പെട്ടെന്ന് പോയതാണ്. ഇനി ഓണത്തിനെ ഉണ്ടാവുകയുള്ളൂ.

വിശേഷങ്ങൾ ഒന്നും തിരിച്ചറിയുന്നില്ല.

നിർത്തട്ടെ.

സസ്നേഹം

എം. സുകുമാരൻ

തിരുവനന്തപുരം
16.05.1991

പ്രിയപ്പെട്ട മനോജ്

കത്തു കിട്ടി. കത്തിലെ വിശേഷങ്ങൾ അപര്യാപ്തമാകയാൽ പെൻഷൻ* കടലാസുകൾ കണ്ടെത്താൻ വിഷമം. വിശദമായി എഴുതി തരുവാൻ പുള്ളിയോട് പറയുക. ഈ ഓഫീസിലെ ഏതെങ്കിലും റഫറൻസ് നമ്പർ, അയച്ച തീയതി എന്നിവയൊക്കെ കിട്ടിയാൽ കണ്ടെത്താൻ പറ്റും. റിവിഷൻ കുന്നുകൂടി കിടക്കുകയാണ്. എല്ലാ വിവരങ്ങളും തരുവാൻ പറയണം.

മറ്റു വിശേഷങ്ങൾ ഒന്നുമില്ല. ദിവസങ്ങൾ പോകുന്നു. അത്രമാത്രം.

സ്നേഹത്തോടെ,

എം. സുകുമാരൻ

---

*എന്റെ അയൽക്കാരന്റെ പെൻഷൻ ഏജീസ് ഓഫീസിൽ സാങ്കേതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് രണ്ടുവർഷത്തോളമായി മുടങ്ങി കിടക്കുകയായിരുന്നു. ഞാൻ എം. സുകുമാരനോട് പറഞ്ഞതുകൊണ്ടാണ് പെൻഷനും മറ്റും പെട്ടെന്ന് ശരിയായത്. അത് ഇവിടെ സൂചിപ്പിക്കേണ്ടി വരുന്നത് എം.സുകുമാരൻ ആരോടും ഇടപഴകാത്ത വ്യക്തിയാണ് എന്ന തെറ്റിദ്ധാരണ നീക്കുന്നതിനുവേണ്ടിയാണ്.

തിരുവനന്തപുരം
01.04.1991

പ്രിയപ്പെട്ട മനോജ്

രണ്ടു കത്തുകളും കിട്ടി. പെൻഷൻ കാര്യം മുന്നോട്ടു നീങ്ങികൊണ്ടിരിക്കുന്നു. ഏജീസ് ഓഫീസിലെ സ്ഥിതി. ഈ ലക്കം *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ ചെമ്മനം ചാക്കോയുടെ *ആളില്ലാകസേരകൾ* ഇതാണ്.

മറ്റു വിശേഷങ്ങൾ എന്തൊക്കെയെന്ന് പരസ്പരം ചോദിച്ച് ആശ്വസിക്കുക.

ദിവസങ്ങൾ കൃത്യമായി പോകുന്നു. ഓണത്തിനു വരുമ്പോൾ എഴുതാം. പെൻഷൻ ശരിയായാലുടൻ കത്തിടുന്നതാണ്.

നിർത്തട്ടെ.
സ്നേഹത്തോടെ,
എം. സുകുമാരൻ

തിരുവനന്തപുരം
15.07.1991

പ്രിയപ്പെട്ട മനോജ്

എന്റെ മുൻ കാർഡ് കിട്ടി കാണമല്ലോ. പെൻഷൻ ഈ ഓഫീസിൽ നിന്നും ശരിയാക്കി അയച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കകം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. 25 നു വരെ കിട്ടിയില്ലെങ്കിൽ അറിയിക്കുക. ഓണത്തിന് തമ്മിൽ കാണാം.

എം. സുകുമാരൻ

തിരുവനന്തപുരം
23.01.1992

പ്രിയപ്പെട്ട മനോജ്
മുൻ കത്ത് കിട്ടി.

ജനയുഗം വാരികയിൽ ഏതു ലക്കം മുതലാണ് തീയതി തുടങ്ങുന്നത് ? പ്രഭാത് ബുക്ക് ഹൗസിൽ ഉണ്ടാവും.

നൂറുവർഷം നൂറുകഥ മൂന്നു കോപ്പികൾ റോയൽറ്റിയായി കിട്ടി. ഒരെണ്ണം സൂക്ഷിച്ചുവെച്ചിട്ടുണ്ട്. മാർച്ചിൽ ചിറ്റൂർക്ക് വരണമെന്ന് ആഗ്രഹമുണ്ട്. അതിനുമുമ്പ് താങ്കൾ ഇങ്ങോട്ട് ഉണ്ടോ? ആരെങ്കിലും വരുന്നുണ്ടെങ്കിൽ പറഞ്ഞയക്കുക.

മാർച്ചിൽ വരുന്നതിനുമുമ്പ് എഴുതാം. ഇപ്പോൾ കാലാവസ്ഥ തീരെ പ്രതികൂലം.

നിർത്തട്ടെ,
എം.സുകുമാരൻ

തിരുവനന്തപുരം
17.11.1999

പ്രിയപ്പെട്ട മനോജ്,

കത്തു കിട്ടി. അസുഖത്തെ കുറിച്ചുള്ള ആശങ്കകൾ! നേരിൽ വന്നു കാണാൻ കഴിയാത്തതിലുള്ള ദുഃഖം. മഞ്ഞുകാലവും കല്യാണവും ആകെ തളർത്തുന്നു. ഡിസംബർ എട്ടിന് ഞങ്ങൾ തിരിക്കും. 18 പേർ ഉണ്ടാവും. ഗുരുവായൂർ വഴി ചിറ്റൂരിൽ ഒമ്പതിന് വൈകുന്നേരം എത്തും. അനുജൻ എല്ലാം നോക്കാം എന്നേറ്റിട്ടുള്ളതാണ് ഒരു വലിയ സമാധാനം.

കല്യാണത്തിന് എത്താൻ പറ്റിയില്ലെങ്കിലും എനിക്ക് വിഷമം ഉണ്ടാവില്ല. മനുഷ്യന്റെ അടുപ്പം ഫോർമാലിറ്റികളെ മറികടക്കുന്നു. വിശ്രമിക്കണം. പൂർണ്ണഭേദം ആയ ശേഷം യാത്ര മതി.

മറുപടി സൗകര്യപൂർവം.

സ്നേഹത്തോടെ,

എം.സുകുമാരൻ

തിരുവനന്തപുരം

07.12.1999

പ്രിയപ്പെട്ട മനോജ്,

രണ്ടാഴ്ച മുമ്പ് ഒരു കത്തയച്ചിരുന്നു, താങ്കളുടെ കത്തിനുള്ള മറുപടിയായി. കിട്ടിയോ? അസുഖം എങ്ങിനെയിരിക്കുന്നു? വിവരങ്ങളൊന്നും അറിയാൻ കഴിയുന്നില്ല. ഞങ്ങൾ നാളെ 08.12.1999 ചിറ്റൂരിലേക്ക് തിരിക്കും. പതിനെട്ടു പേരുണ്ട്. 9 നു വൈകുന്നേരം ചിറ്റൂരെത്തും. ഗുരുവായൂർ വഴിയാണ് വരുന്നത്. പത്തിന് ചിറ്റൂരിൽ ചിലയിടത്തൊക്കെ അച്ഛന്റെ ബന്ധുക്കൾ വിളിക്കാനുണ്ട്. വേഷം കെട്ടി അതിഗംഭീരമായി ആടിത്തകർക്കുകയാണ്. യാത്ര ചെയ്യാൻ വയ്യെങ്കിൽ മണ്ണൂർ യാത്ര ഒഴിവാക്കുക. ഞങ്ങൾ തിരുവനന്തപുരത്തേക്ക് തിരിച്ചു പോകുന്നതിനു മുമ്പ് വരാം. സമയക്കുറവും ആരോഗ്യസ്ഥിതിയും ഭാവിപരിപാടികളുടെ അനിശ്ചിതത്വവും. വിളിക്കാൻ പറ്റുമെങ്കിൽ ചിറ്റൂർക്കൊന്ന് വിളിക്കുക.

നിർത്തട്ടെ.

എം.സുകുമാരൻ

തിരുവനന്തപുരം

20.12.1999

പ്രിയപ്പെട്ട മനോജ്,

പതിനാലിന് കാലത്ത് ഇവിടെ എത്തി; രജനിയും ഭർത്താവും 17 നും. തിരക്കില്ലാത്തവന്റെ തിരക്ക്. അവർ അടുത്താഴ്ച ബാംഗ്ളൂർക്കു പോകും. ഞങ്ങൾ ഇവിടെ. വീട് വൃദ്ധസദനമാകുമോ എന്ന ഭയവും ഉണ്ട്. അസുഖം എങ്ങനെയിരിക്കുന്നു? വിശദമായി ഒരു കാര്യവും സംസാരിക്കാൻ കഴിഞ്ഞില്ല.

മറുപടി.

എം.സുകുമാരൻ

തിരുവനന്തപുരം
11.01.2000

പ്രിയപ്പെട്ട മനോജ്,

കത്തു കിട്ടി. ഞങ്ങൾ കഴിഞ്ഞ അഞ്ചിന് ബാംഗ്ളൂർക്കു പോയി. ഇന്നലെ തിരിച്ചെത്തി. മരുമകൻ ഡൽഹിക്കു പോയി. ക്വാർട്ടേഴ്സ് കിട്ടാൻ ഇനിയും മൂന്നാലു മാസം എടുക്കും. രജനിയും കൂടെ വന്നു. നാളെ മുതൽ ജോലിക്ക് പോകുന്നുണ്ട്. വേറെ വിശേഷം ഒന്നുമില്ല. ബാംഗ്ളൂരിൽ പ്രതീക്ഷിച്ചത്ര തണുപ്പില്ല. അസുഖം എങ്ങിനെയിരിക്കുന്നു? ജീവിതത്തിലെ ചില വഴിത്തിരിവുകളിൽ പകച്ച് നിൽക്കുകയാണ്. സ്വപ്നം പോലെ എല്ലാം.

മറുപടി.

എം.സുകുമാരൻ

തിരുവനന്തപുരം
24.01.2000

മനോജ്,

കത്ത്. അസുഖം കുറവില്ലാതെ തുടരുകയാണല്ലോ! കോളർ ഒരു ശല്യമാണ്. *ചില്ല* യിലെ നിരൂപണത്തിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് ഒന്നയച്ചുതരണം. മറ്റുള്ളവർ എങ്ങനെ *സത്യവാഗീശ്വരനെ* കാണുന്നു എന്നറിയാൻ ആകാംക്ഷയുണ്ട്. മറ്റേതെങ്കിലും വാരികകളിൽ വന്നുവോ? മിക്കതും ഞാൻ കാണാറുണ്ട്. വിട്ടു പോയിട്ടുണ്ടാവുമോ?

മറ്റു വിശേഷങ്ങൾ ഒന്നുമില്ല. രജനി ക്വാർട്ടേഴ്സ് കിട്ടിയാൽ ഡൽഹിക്കു പോകും.

മറുപടി.

എം.സുകുമാരൻ

തിരുവനന്തപുരം
24.04.2000

പ്രിയപ്പെട്ട മനോജ്,

കത്തു കിട്ടി. അസുഖം എങ്ങനെയിരിക്കുന്നു? രജനി അടുത്ത മാസം 25 ന് ഡൽഹിക്ക് പോകും. *സത്യവാഗീശ്വരൻ* പിന്നെ വല്ല റിവ്യൂവും വന്നുവോ? മെയ് 26 നോട് അടുപ്പിച്ച് ഒരു ചിറ്റൂർ യാത്ര വേണ്ടിവരും. വിശദവിവരങ്ങൾ പിന്നീടെഴുതാം.

വിവരങ്ങൾക്കു മറുപടി.

എം.സുകുമാരൻ

തിരുവനന്തപുരം
07.11.2000

പ്രിയപ്പെട്ട മനോജ്,

വിവരങ്ങളൊന്നും അറിയാറില്ല. അങ്ങോട്ടോ ഇങ്ങോട്ടോ അയച്ച കത്തുകൾ തപാലിൽ നഷ്ടപ്പെട്ടതാവുമോ?

മറുപടി.

എം. സുകുമാരൻ

തിരുവനന്തപുരം
02.03.2000

പ്രിയപ്പെട്ട മനോജ്,

രണ്ടാഴ്ച മുമ്പ് ഞാൻ ഒരു കത്തയച്ചിരുന്നു. *ചില്ല* യിൽ വന്ന *സത്യാവാഗീശ്വര*ന്റെ നിരൂപണത്തിന്റെ ഫോട്ടോസ്റ്റാറ്റ് ആവശ്യപ്പെട്ടിട്ട്. മറുപടിയൊന്നും കണ്ടില്ല. അസുഖം കൂടുതലായി ഒന്നുമില്ലല്ലോ? അതോ കത്ത് തപാലിൽ നഷ്ടപ്പെട്ടതോ? ഇവിടെ വേറെ വിശേഷം ഒന്നുമില്ല. ഫെബ്രുവരി 15 ചൊവ്വ *കേരളകൗമുദി* യിലെ അക്ഷരജാലകം കണ്ടുവോ? ഹരികുമാറിന്റെ ഒരു കത്ത് 24.01.1999 കിട്ടിയിരുന്നു. മറുപടി എന്തുകൊണ്ടോ അയച്ചില്ല. അപ്പോഴാണ് ലേഖനം.

രജനി ഏപ്രിലിൽ ഡൽഹിക്ക് പോകും. ചുമപനി കാരണം ആന്റിബയോട്ടിക്കുകൾ കഴിക്കുകയാണ് ഞാൻ. കൈക്ക് ചെറിയ വിറയലുണ്ട്, കഫ് സിറപ്പ് കഴിച്ചിട്ട്. താങ്കളുടെ അസുഖത്തെക്കുറിച്ച് വിശദമായി എഴുതുമല്ലോ.

മറുപടി ഉടനെ.
എം. സുകുമാരൻ

തിരുവനന്തപുരം
05.06.2000

പ്രിയപ്പെട്ട മനോജ്

നേരിൽ കാണാനോ സംസാരിക്കാനോ പറ്റിയില്ല. പനിയും തുടർന്ന് വയറിളക്കവും. ഇവിടെ വന്ന് ഡോക്ടറെ കാണിച്ചു. കുറഞ്ഞു. രജനി വിളിക്കാറുണ്ട്. ഡൽഹിയിൽ ചൂടാണ്. വേറെ വിശേഷങ്ങൾ ഒന്നുമില്ല. പൊതുവേ ശരീരം, മനസ്സ് ആകെ വയ്യ. എല്ലാം അഭിമുഖീകരിച്ചല്ലേ പറ്റു.

മറുപടി എഴുതുമല്ലോ.

സുകുമാരൻ

തിരുവനന്തപുരം
05.07.2000

പ്രിയപ്പെട്ട മനോജ്,

മറുപടിക്കു വൈകി. ഒരു കത്തെഴുതാൻ പോലും പേന എടുക്കാൻ വയ്യാത്ത അവസ്ഥ. രജനി വിളിക്കാറുണ്ട്. വീട് ഉറങ്ങിപ്പോയതുപോലെ.

അസുഖം എങ്ങിനെയിരിക്കുന്നു? തിരുവനന്തപുരത്തേക്ക് എന്നാണ് ഇനി?

മറുപടി.

സ്നേഹത്തോടെ,

എം.സുകുമാരൻ

തിരുവനന്തപുരം
04.09.2000

പ്രിയപ്പെട്ട മനോജ്,

കത്തു കിട്ടി. അസുഖം എങ്ങിനെ ഇരിക്കുന്നു? ഓണത്തിന് തമ്മിൽ കാണണം. രജനിയും ഭർത്താവും ഇന്ന് ബാംഗ്ളൂരിൽ എത്തും. പതിനൊന്നിന് ചിറ്റൂരിൽ വരും.ഞങ്ങൾ ഒമ്പതിന് ചിറ്റൂരിൽ വരും. ശങ്കരന്റ-തൃശ്ശൂർ ഏജീസ്-മകളുടെ എൻഗേജ്മെൻറ് പതിനഞ്ചിനാണ്. അന്നുതന്നെ ഞങ്ങൾ തിരുവനന്തപുരത്തേക്ക് മടങ്ങും. 11.09.2000 തിങ്കൾ ഉച്ചയ്ക്ക് പറ്റുമെങ്കിൽ വന്നാൽ സന്തോഷം. രജനിയേയും കാണാം. 12,13 തീയതികൾ മണ്ണൂർ ഭാഗം യാത്രയുണ്ടാകും. പതിനാലിന് തൃശ്ശൂർക്ക് വരും. 15ന് എൻഗേജ്മെന്റ് കഴിഞ്ഞ് ഞങ്ങൾ നാലുപേരും തിരുവനന്തപുരത്തേക്ക് മടങ്ങും. സപ്തംബർ 30 ന് രജനിയും ഭർത്താവും തിരുവനന്തപുരത്തുനിന്ന് ബാംഗ്ളൂർക്കു പോകും. ഒരു മാസത്തെ ലീവിലാണ് അവർ വരുന്നത്.

കത്തു ചുരുക്കട്ടെ. ശേഷം നേരിൽ.

എം.സുകുമാരൻ

തിരുവനന്തപുരം
02.10.2000

പ്രിയപ്പെട്ട മനോജ്,

സുഖമെന്നു കരുതുന്നു. ചിറ്റൂരിൽ വെച്ച് കാണാൻ കഴിഞ്ഞില്ല. മരുമകൻ ഇന്നു ബാംഗ്ളൂരിലേക്ക് പോയി. രജനി പോയിട്ടില്ല. ഡോക്ടറെ കാണിച്ചു. യാത്ര ഒഴിവാക്കാൻ പറഞ്ഞതിനാൽ യാത്ര മാറ്റി.

എന്തൊക്കെയാണ് വിശേഷങ്ങൾ? കഴുത്തിന്റെ വേദന എങ്ങനെയിരിക്കുന്നു?

മറുപടി.

എം.സുകുമാരൻ

തിരുവനന്തപുരം
28.03.2001

പ്രിയപ്പെട്ട മനോജ്,

കത്തു കിട്ടി. അസുഖം എങ്ങനെയിരിക്കുന്നു? ഇവിടെ പ്രത്യേകിച്ച് വിശേഷമൊന്നുമില്ല. ദിവസങ്ങൾ പോകുന്നു. രജനിയെ ഡോക്ടറെ കാണിക്കുന്നുണ്ട്. ബി.പി. ഉള്ളതിനാൽ രണ്ടാഴ്ച കൂടുമ്പോൾ ആശുപത്രിയിൽ പോയി ഡോക്ടറെ കാണണം. മെയ് നാണ് ഡേറ്റ് പറഞ്ഞിരിക്കുന്നത്. എല്ലാം ഇപ്പോൾ അവളുടെ ഒപ്പം. വായന തീരെയില്ല എന്നുപറയാൻ വയ്യ. എങ്കിലും വളരെ കുറഞ്ഞു. ചുരുങ്ങി ചുരുങ്ങി ഇനി ചുരുങ്ങാൻ പറ്റാത്ത വിധം ആയിത്തീർന്നു. ഫ്ളാറ്റ് 322 ലിരുന്ന് പ്രപഞ്ചത്തെ കാണുന്നു. ഉടനെ ഇനി ചിറ്റൂർക്കില്ല.

വിവരങ്ങൾക്കു മറുപടി.

എം.സുകുമാരൻ

തിരുവനന്തപുരം
07.06.2001

പ്രിയപ്പെട്ട മനോജ്,

എഴുതാനൊന്നും ഇല്ലാത്തതിനാലാവണം ഇടയ്ക്ക് കത്തു മുടങ്ങിയത്. അസുഖം എങ്ങനെ ഇരിക്കുന്നു? രജനിയുടെ മകന്റെ 28 നു ക്ഷണിക്കാനാണ് ഈ കത്ത്. കഴിഞ്ഞ മെയ് 20 ന് ഞായർ വൈകിട്ട് 5.08 ന് രജനി പ്രസവിച്ചു. ആൺകുട്ടി. നോർമലായിരുന്നു. മിസ്സിസ്സിനോടും വിവരം പറയുക. നിങ്ങൾ രണ്ടുപേരും തലേന്നു തന്നെ എത്തിച്ചേരണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. ചെറിയൊരു ചടങ്ങേയുള്ളൂ. വളരെ കുറച്ചുപേരെ ഉണ്ടാവുകയുള്ളൂ.

വിവരങ്ങൾക്ക് മറുപടി.

എന്ന്,

എം.സുകുമാരൻ

തിരുവനന്തപുരം
28.09.2001

പ്രിയപ്പെട്ട മനോജ്,

ഫോണിലൂടെ വിവരങ്ങൾ അറിഞ്ഞു. കത്തുകൾ രണ്ടും കിട്ടിയില്ല. ഓണത്തിന് ഇത്തവണ വന്നില്ല. ബാംഗ്ളൂരിൽ രജനിയെ കൊണ്ടാക്കാൻ പോയി. കഴിഞ്ഞ ആഴ്ച അവളും മരുമകനും വന്നു. മരുമകൻ ഇന്ന് ഡൽഹിക്ക് പോയി. ജമ്മുവിലാണ് പുതിയ പോസ്റ്റിംഗ്. ലോകം വളരെ വളരെ ചെറുതായി വരുന്നു. എന്റെ മുമ്പിലുള്ള കുഞ്ഞിന്റേതുപോലെ. വായനപോലും കുറഞ്ഞു കുറഞ്ഞു വരുന്നു. താങ്കളുടെ അസുഖം എങ്ങനെയിരിക്കുന്നു? പുതിയ പ്രോജക്ട്* ഏതുവരെയായി? വിവരങ്ങൾക്ക് എഴുതുമല്ലോ.

സ്നേഹത്തോടെ,
സുകുമാരൻ

** പുതുതായി എഴുതുന്ന നോവലിനെക്കുറിച്ചാണ് എം.സുകുമാരൻ അന്വേഷിക്കുന്നത്.*

തിരുവനന്തപുരം
12.01.2002

പ്രിയപ്പെട്ട മനോജ്,

കത്തുകൾ എല്ലാം കിട്ടി. മറുപടി അയക്കാതിരുന്നത് മനപ്പൂർവ്വമല്ല. രജനി അടുത്തുള്ള ഒരു കമ്പ്യൂട്ടർ സ്ഥാപനത്തിൽ പോകുന്നതുകൊണ്ട് മോന്റെ ചുമതല എന്നിൽ. അതുകൊണ്ടാണ് ഈ സമയക്കുറവ്.

ഇനിയെന്നാണ് തിരുവനന്തപുരത്തേക്ക്? *കലാകൗമുദി* യിലെ ലേഖനം ഒരു ചതിയായിരുന്നു. നേരിൽ കാണുമ്പോൾ പറയാം. ജേർണലിസത്തിൽ മറിമായങ്ങൾ.

എല്ലാവിവരങ്ങൾക്കും താമസിയാതെ മറുപടി.

എന്ന്,

എം.സുകുമാരൻ

ഇതോടെ ഞങ്ങൾ തമ്മിലുള്ള കത്തിടപാടുകൾ അപൂർവ്വമായി. തുടർന്ന് നേരിട്ട് കാണലും ഫോൺവിളികളുമാണ് നടക്കുന്നത്. പഴയകാല കത്തുകൾ ഹൃദയത്തിന്റെ ഊഷ്മളബന്ധത്തെയാണ് പങ്കുവെച്ചിരുന്നത്. വീണ്ടും വായിക്കുമ്പോഴാണ് ആ കത്തുകളുടെ മഹത്വത്തെ തിരിച്ചറിയുന്നത്. നന്മനിറഞ്ഞ ആ ഹൃദയത്തിനു നന്ദി.......



എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും

മനോജ്

ആധുനിക മലയാള കഥയിലെ വിസ്മയമായ എം. സുകുമാരനുമായി മനോജിനുണ്ടായിരുന്ന ആത്മബന്ധവും ഇഴയടുപ്പവും ഈ പുസ്തകത്തിൽ പ്രകടമാകുന്നു. മാത്രവുമല്ല സ്വന്തം രചനകളെ കുറിച്ചും നിത്യ ജീവിതത്തിൽ വന്നുപെടുന്ന വൈയക്തികാനുഭവങ്ങളെക്കുറിച്ചും മനോജിന്റെ എഴുത്തുകളെയും കൃതികളെയും കുറിച്ചും സുകുമാരൻ ഗ്രന്ഥകാരനുമായി നടത്തിയ കത്തിടപാടുകളിൽ പ്രതിപാദിക്കുന്നു. മനോജിന്റെ എഴുത്തുജീവിതത്തിന് എം. സുകുമാരൻ നൽകിയ പ്രോത്സാഹനങ്ങളെപ്പറ്റിയും ഗ്രന്ഥകാരൻ സ്മരിക്കുന്നു.
എം. സുകുമാരൻ മനോജിനെഴുതിയ നിരവധി കത്തുകൾ അവരുടെ സ്നേഹമുദ്രയായി കണക്കാക്കാം.

BLUE INK BOOKS

ENDE EZHUTHINDE DARSHANAVUM
M. SUKUMARANUM
LETTERS & ESSAY | ₹ : 120

ISBN: 978-81-985764-2-2

9 788198 576422

www.bluinkbookskannur.com

944 626 5661

Cover Design: Nived Kotheri